# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: K.S.A/KLM/P4/ 952/2021dt 07/09/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 19/01/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-7-5 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: K.S.A/KLM/P4/ 952/2021dt 07/09/21 തീയ്യതി: 19/01/2022

## കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീമതി. എം.ഡി.അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സ്റ്റാൻസി യേശുദാസൻ | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| ഭരണ നിർവഹണ സമിതി | പ്രസിഡന്റ് | 07-11-2020 | 29-12-2020 |
| ശ്രീ. അനീഷ് കുമാർ വൈ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ജിജി മോൾ അലക്സ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മീനു. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 17-08-2020 |
| ശ്രീ. പ്രവീൺ. പി. കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-08-2020 | 31-03-2021 |
| ശ്രീമതി അഞ്ജു എബ്രഹാം | വെറ്റിനറി സർജൻ | 01-04-2020 | 30-06-2020 |
| ശ്രീ.സിനിൽ കുമാർ | വെറ്റിനറി സർജൻ | 01-07-2020 | 31-03-2021 |
| ശ്രീമതി പിങ്കി. എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ആശ. റ്റി | വി.ഇ.ഒ | 01-04-2020 | 05-01-2021 |
| ശ്രീമതി സന്ധ്യ റ്റി | വി.ഇ.ഒ | 06-01-2021 | 31-03-2021 |
| ശ്രീമതി സോണൽ സലിം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. മിനി ജയദേവ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി ലാലി ജോൺ | എച്ച് എം. | 01-04-2020 | 31-03-2021 |
| ഡോ.അശ്വിൻ.ഡി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2020 | 31-01-2021 |
| ഡോ.ബെറീറ്റിലാ ബെഞ്ചമിൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-02-2021 | 31-03-2021 |
| ശ്രീമതി ശ്രീജയ ജെ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 01-11-2020 |
| ശ്രീമതി ആര്യ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഷീബാ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാന്ത കുമാരി സി.എ. | ഐ.സി.ഡി.എസി. സൂപ്പർ വൈസർ | 01-04-2020 | 03-02-2021 |
| ശ്രീമതി മേരി ലത. പി. | ഐ.സി.ഡി.എസി. സൂപ്പർ വൈസർ | 04-02-2021 | 31-03-2021 |
| ശ്രീമതി ജിജി മോൾ അലക്സ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: G.Ambili (Senior Grade Auditor, On 27-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 27-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: G.Ambili (Senior Grade Auditor, On 27-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-7 |
| 10 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല<br>Written By: G.Ambili (Senior Grade Auditor, On 22-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-7-1 |
| 11 | സർവ്വീസ് പെൻഷൻകാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി<br>Written By: G.Ambili (Senior Grade Auditor, On 23-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-7-2 |
| 12 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: G.Ambili (Senior Grade Auditor, On 23-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-7-3 |
| 13 | മരണപ്പെട്ട /അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനായി ബാങ്കുകൾക്ക് തുക അനുവദിച്ചു- 95500/- രൂപായുടെ തിരിച്ചടവ് ഉറപ്പാക്കണം<br>Written By: G.Ambili (Senior Grade Auditor, On 23-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-7-4 |

| | | |
|---|---|---|
| 14 | മരണപ്പെട്ട ഗുണഭോക്താവിന് പെൻഷൻ ഇനത്തിൽ 13600/- രൂപ വിതരണം ചെയ്തു.<br>Written By: G.Ambili (Senior Grade Auditor, On 23-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-7-5 |
| 15 | ക്യാഷ് പരിശോധന<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-09-2021) | 1-10 |
| 18 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Harsha L (Auditor, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-11 |
| 19 | കെട്ടിട നികുതി അസസ്സ്മെന്റിൽ കുറവ്<br>Written By: Harsha L (Auditor, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-12 |
| 20 | ലേലം-ജി.എസ്.ടി. ഈടാക്കിയില്ല.<br>Written By: Harsha L (Auditor, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | 1-13 |
| 21 | ലേലം നടത്തിപ്പിലെ അപാകതകൾ<br>Written By: Harsha L (Auditor, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | 1-13-1 |
| 22 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: R.Sheeja (Asst. Audit Officer, On 26-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | 1-14 |
| 23 | ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചില്ല.<br>Written By: R.Sheeja (Asst. Audit Officer, On 26-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-15 |
| 24 | ദിവസവേതന പി.റ്റി.എസ് -അനുവദനീയമായതിലും അധികം തുക നൽകി<br>Written By: G.Ambili (Senior Grade Auditor, On 25-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | 1-16 |
| 25 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Naveen Chandran (Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | 1-17 |
| 26 | മൽസ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് - വിതരണം ചെയ്യാത്ത ലാപ് ടോപ്പിനായി ചെലവഴിച്ച 1,43,688/- രൂപ തടസത്തിൽ വയ്ക്കുന്നു.<br>Written By: R.Sheeja (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | 1-18 |
| 27 | രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ-സബ്സിഡി അധികമായി നല്കി.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | 1-19 |
| 28 | കേരഗ്രാമം പദ്ധതി -നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: M.D.Ambili (Deputy Director, On 13-01-2022) | 1-20 |
| 29 | സുഭിക്ഷകേരളം തരിശ്ഭൂമി കൃഷിക്ക് സബ്സിഡി-പദ്ധതി നടത്തിപ്പിലെ | 1-21 |

| | | |
|---|---|---|
| | അപാകതകൾ.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-09-2021) | |
| 30 | തൊഴിലുറപ്പ് പദ്ധതി വഴി സുഭിക്ഷകേരളം തരിശുഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചവർക്ക് കൃഷി ഓഫീസ് വഴി വീണ്ടും ആനുകൂല്യം ലഭിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-21-1 |
| 31 | സുഭിക്ഷകേരളം തരിശ്ഭൂമി കൃഷി സബ്സിഡി- ഭൂമിയുടെ അളവിൽ അധികമായി ആനുകുല്യം നൽകി<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-21-2 |
| 32 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-24 |
| 33 | തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-25 |
| 34 | തെരുവ് വിളക്ക് എൽ.ഇ.ഡി സ്ഥാപിക്കലും സൂപ്പർ വിഷൻ ചാർജ്ജും-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-26 |
| 35 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-27 |
| 36 | തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി-അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-28 |
| 37 | കുടി വെള്ളവിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-29 |
| 38 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല<br>Written By: Naveen Chandran (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-30 |
| 39 | മെഡിക്കൽ ഓഫീസർ ഹോമിയൊ നിർവ്വഹണം നടത്തിയ പ്രോജക്ട് -80,000/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-31 |
| 40 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ -ൽ നിന്നും 6,76,766 /-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 1-32 |
| 41 | ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രേഡിറ്റ് ചെയ്തിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 29-07-2021) | 1-33 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | |
| 42 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല<br>Written By: Naveen Chandran (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ- സബ്സിഡി അധികമായി നല്കി.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 3-1 |
| 2 | കേരഗ്രാമം പദ്ധതി -നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 3-2 |
| 3 | സുഭിക്ഷകേരളം തരിശ്ഭൂമി കൃഷി സബ്സിഡി- ഭൂമിയുടെ അളവിൽ അധികമായി ആനുകൂല്യം നൽകി<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 3-3 |
| 4 | തൊഴിലുറപ്പ് പദ്ധതി വഴി സുഭിക്ഷകേരളം തരിശുഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചവർക്ക് കൃഷി ഓഫീസ് വഴി വീണ്ടും ആനുകൂല്യം ലഭിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 3-4 |
| 5 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: G.Ambili (Senior Grade Auditor, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: G.Ambili (Senior Grade Auditor, On 19-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം | |

## ഭാഗം -1

### 1-1 ബജറ്റ്

24-3-20 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-21 | 12-7-21 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) സുലേഖാ സ്റ്റേറ്റ് മെന്റിലെ മുഴുവൻ ചെലവും തുകകളും ഉൾപ്പെട്ടു വന്നിട്ടില്ല.

1. എസ്.സി. യുവാക്കൾക്ക് വാദ്യോപകരണങ്ങൾ എന്ന പ്രോജക്ട് പ്രകാരം (2019-20 ലെ 136/19-20) 905760/- രൂപാ 2020-21 ലെ ബിൽ പ്രകാരം 905760/- രൂപാ ട്രഷറിയിൽ നിന്ന് പിൻവലിച്ചെങ്കിലും ആയത് സുലേഖാ സ്റ്റേറ്റ് മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

2. എൽ.ഇ.ഡി. ലൈറ്റ് വാങ്ങി സ്ഥാപിക്കൽ പ്രോജക്ട് നമ്പർ 121/21 (2019-20 ലെ പ്രോജക്ട് നമ്പർ 54/20) പ്രകാരം 175000/-രൂപാ ബിൽ നമ്പർ 3/15-5-20 പ്രകാരം ഉൾപ്പെട്ടിട്ടില്ല.

3. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (പ്രോജക്ട് നമ്പർ 43/19-20 ) ടി പദ്ധതിയ്ക്കായി 1/20-21/20-4-20 തീയതിയിൽ 166332/- രൂപാ ട്രഷറിയിൽ നിന്നും പിൻവലിച്ചെങ്കിലും ആയത് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4. ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പ്രോജക്ടിനായി (131/19-20) (141/20-21) ബിൽ നമ്പർ 11/15-5-20 പ്രകാരം 5000/- രൂപാ ചെലവഴിച്ചെങ്കിലും ആയത് സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2) മണ്ണ് ലേലത്തിനായി നൽകിയ ഇ.എം.ഡി. തുക ലേല വരവിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) പഞ്ചായത്ത് ഫണ്ട് ജനറൽ നെഗറ്റീവ് ബാലൻസ് ആണ്. വരവിനെക്കാൾ കൂടുതൽ ചെലവാണ്.

5) സഞ്ചയ പ്രകാരമുള്ള വസ്തു നികുതി കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6) ജീവനക്കാരുടെ തൊഴിൽ നികുതി വാർഷികകണക്കുകൾ പ്രകാരം 710780/-ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 728380/- രൂപയാണ്.

7) ബി-11(എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ചേർത്തിരിക്കുന്ന 556355/- രൂപയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8655630/- |
| വരവ് | 69397440/- |

| | |
|---|---|
| ആകെ | 78053070/- |
| ചെലവ് | 72340092/- |
| നീക്കിയിരിപ്പ് | 5712978/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 201603 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6357491 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ക്യൂബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12308625/- | 12308625/- | 12308625/- | 0 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8198000/- | 8198000/- | 6197953/- | 2000047/- | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 48,00,000/- | 48,00,000/- | 3795267/- | 1004733/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 0 | 9366324/- | 9366324/- | 4894042/- | 4472282/- | 0 |
| മെയിന്റനൻസ്, റോഡ് | 0 | 18075000/- | 18075000/- | 18075000/- | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3525000/- | 3525000/- | 3495234/- | 29766/- | 0 |
| എം.ജി.എൻ.ആർ.ജി.എസ്. | 0 | 25584773/- | 25585267/- | 25581395/- | 3872/- | - |
| റ്റി.എസ്.സി | 1065846/- | 322884/- | 1388730/- | 529416/- | 859314/- | |
| ഐ.സി.ഡി.എസ്. | 485849/- | 524882/- | 1010731/- | 603297/- | 407434/- | |
| ലൈബ്രറി ഗ്രാന്റ് | 2053/- | 10471/- | 12524/- | 10440/- | 2084/- | |
| ശുചിത്വമിഷൻ | 0 | 1821102/- | 1821102/- | 819053/- | 1002049/- | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 1,40,000/- | - | 1,40,000/- | - | 1,40,000/- | |
| എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് ഷെയർ | 0 | 67000/- | 67000/- | 67000/- | 0 | |

### 1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട്, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്ത ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) എ. എഫ്. എസ് പ്രകാരമുള്ള വിവരം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12308625/- | 12308625/- | 12308625/- | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8198000/- | 8198000/- | 6197953/- | 2000047/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 48,00,000/- | 48,00,000/- | 3795267/- | 1004733/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 0 | 9366324/- | 9366324/- | 4894042/- | 4472282/- |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 18075000/- | 18075000/- | 18075000/- | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 3525000/- | 3525000/- | 3495234/- | 29766/- |

ബി) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 0 | 12308625 | -12308625 |

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി. | 0 | 0 | 51255861 | -5125861 |

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| സി.എഫ്.സി. ടൈഡ് | 0 | 0 | 3795267 | -3795267 |

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| സി.എഫ്.സി. അൺ ടൈഡ് | 0 | 0 | 4714042 | -4714042- |

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് . | 0 | 0 | 3459581 | -3459581 |

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 0 | 18075000 | -18075000 |

സെൻട്രൽ സ്പോൺസേർഡ് സ്കീം

എ) എ.എഫ്.എസ് പ്രകാരമുള്ള വിവരം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ജി.എസ്. | 494 | 1042466 | 1042960 | 1039088 | 3872 |
| എം.ജി.എൻ.ആർ.ജി.എസ് (തൊഴിലാളികളുടെ കൂലി) | | 24542307 | 24542307 | 24542307 | |
| റ്റി.എസ്.സി | 1065846 | 322884 | 1388730 | 529416 | 859314 |
| ഐ.സി.ഡി.എസ്. | 485849 | 524882 | 1010731 | 603297 | 407434 |
| ആകെ | 1552189 | 26432539 | 27984728 | 26714108 | 1270620 |

ബി) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| സെൻട്രൽ സ്പോൺസേർഡ് സ്കീം | 0 | 0 | 1951766 | -1951766 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഫണ്ടിനം തിരിച്ച് വ്യക്തമാക്കിയിട്ടില്ല.

സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| ലൈബ്രറി ഗ്രാന്റ് | 2053 | 10471 | 12524 | 10440 | 2084 |
| ശുചിത്വമിഷൻ | 0 | 1821102 | 1821102 | 819053 | 1002049 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 1,40,000 | - | 1,40,000 | - | 1,40,000 |
| എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് ഷെയർ | 0 | 67000 | 67000 | 67000 | 0 |
| ആകെ | 142053/- | 1898573/- | 2040626/- | 896493/- | 1144133/- |

ബി) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം | 0 | 0 | 0 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 111857656 | 114 | 53599197 | 44 | 12 | 67.05 |

സുലേഖാ സ്റ്റേറ്റ് മെന്റിൽ ഉൾപ്പെടാത്ത പദ്ധതികളുടെ ചെലവുവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി ചെലവ് തയ്യാറാക്കിയിരിക്കുന്നത്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 494 | 1042466 | 1042960 | 1039088 | 3872 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 24542307 | 24542307 | 24542307 | |


## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11520/- | 16 |
| കർഷകതൊഴിലാളി പെൻഷൻ | 768400/- | 314 |
| വിധവാപെൻഷൻ | 10833100/- | 4663 |
| വാർദ്ധക്യകാലപെൻഷൻ | 17282000/- | 8504 |
| വികലാംഗപെൻഷൻ | 3978600/- | 1583 |
| 50 വയസ്സിനു മേലുള്ള അവിവാഹിതർക്കുള്ള ധനസഹായം | 403400/- | 158 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധന സഹായം | 1,50,000/- | 5 |

### 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. പ്രസ്തുത 'വിൻഡോ'യുടെ ദൃശ്യം ചുവടെ ചേർക്കുന്നു.




റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ പേരയം ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-7-2 സർവ്വീസ് പെൻഷൻകാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സ്റ്റാൻസി, വാറുപുരയിടം , കോട്ടപ്പുറം (വാർദ്ധക്യകാല പെൻഷൻ) | 1034060201396 | 2016 ഒക്ടോബർ മുതൽ 2020 എപ്രിൽ വരെ | 29400/- |
| 2 | ലിസിക്കുട്ടി ജോസഫ് സുരേഷ് ഭവൻ , കോട്ടപ്പുറം | 103460201737 | 2019 ജൂൺ മുതൽ 2020 എപ്രിൽ വരെ | 24000/- |
| | ആകെ | | | 53400/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തിയിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക തിരികെ ഈടാക്കാനായി കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 6/20-7-21

1-7-3 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

പേരയം ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2020-21 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | സർഫണോസ് | വാർദ്ധക്യകാല പെൻഷൻ | 103460201503 | 17-12-18 | 1/19-7/19 (7x600=4200) | 4200/- |
| 2 | തിലമി | വാർദ്ധക്യകാല പെൻഷൻ | 103460200377 | 18-1-19 | 2/19-7/19 (6x600=3600) | 3600/- |
| 3 | പൌലോസ് | വാർദ്ധക്യകാല പെൻഷൻ | 103460201205 | 24-1-19 | 2/19-4/19 (3x600=1800) | 1800/- |
| 4 | ജൂലിയസ് | വാർദ്ധക്യകാല പെൻഷൻ | 103460201209 | 13-5-19 | 6/19,7/19 (1200x2=2400) | 2400/- |
| 5 | പൌലോസ് | വാർദ്ധക്യകാല പെൻഷൻ | 103460201205 | 24-01-19 | 2/19-4/19 (600x3=1800) | 1800/- |
| 6 | ജോസഫ് | വാർദ്ധക്യകാല പെൻഷൻ | 103460200266 | 31-10-17 | 11/17 -4/19 (1100x1=1100) (1500x17=25500) | 26600/- |
| 7 | ഫ്രാൻസിസ് | വാർദ്ധക്യകാല പെൻഷൻ | 103460201519 | 24-1-18 | 2/18-7/18 (1100x7=7700) | 7700/- |
| 8 | ബർണാഡ് | വാർദ്ധക്യകാല പെൻഷൻ | 103460201102 | 5-6-18 | 7/18 (1100x1=1100) | 1100/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക 49200/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

### 1-7-4 മരണപ്പെട്ട /അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനായി ബാങ്കുകൾക്ക് തുക അനുവദിച്ചു- 95500/- രൂപായുടെ തിരിച്ചടവ് ഉറപ്പാക്കണം

പേരയം ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന

സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്യാനായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | സ്റ്റാൻസി | 103460200181 | വാർദ്ധക്യകാല പെൻഷൻ | 21-5-18 | 4/18-4/19 | 19500/- |
| 2 | ഹെൻട്രി | 103460201190 | വാർദ്ധക്യകാല പെൻഷൻ | 16-11-17 | 12/17-11/18 | 13200/- |
| 3 | എഡ്വേർഡ് | 103460201357 | വാർദ്ധക്യകാല പെൻഷൻ | 5-2-18 | 12/17-3/18 | 13200/- |
| 4 | ലീലാമ്മാ ജർമ്മിയാസ് | 103460400162 | വാർദ്ധക്യകാല പെൻഷൻ | 29-11-18 | 8/18-7/19 | 13600/- |
| 5 | ജി.അർണോൾഡ് | 103460200299 | വാർദ്ധക്യകാല പെൻഷൻ | 9-8-18 | 12/17-11/18 | 13200/- |
| 6 | സൌദാമിനി | 103460200158 | വാർദ്ധക്യകാല പെൻഷൻ | 28-12-17 | 12/17-11/18 | 18000/- |
| 7 | ബനഡിക്ട് | 103460200169 | വാർദ്ധക്യകാല പെൻഷൻ | 27-6-18 | 4/18-11/18 | 4800/- |

അനർഹമായ 95,500/- രൂപ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട 7 ഗുണഭോക്താക്കൾക്ക് അനുവദിച്ച 95500/- രൂപയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഈ ലിസ്റ്റ് ഭാഗികമാണ്. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 95500/- രൂപ സഹകുണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് അടവാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സഹകരണബാങ്കിന് കത്ത് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 14/23-7-21

1-7-5 മരണപ്പെട്ട ഗുണഭോക്താവിന് പെൻഷൻ ഇനത്തിൽ 13600/- രൂപ വിതരണം ചെയ്തു.

വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായ ശ്രീമതി.മേരിക്കുട്ടി (103460200427) 1/7/18 ൽ മരണമടയുകയും ടിയാരിക്ക് ആഗസ്റ്റ് 2018 മുതൽ ഒക്ടോബർ 2019 വരെയുള്ള പെൻഷൻ 13600/- രൂപ മരണശേഷം നേരിട്ട് വിതരണം നടത്തുകയും ചെയ്തിരിക്കുന്നു. ഈ തുകകൾ പേരയം സർവ്വീസ് സഹകരണ ബാങ്ക് വഴിയാണ് വിതരണം നടത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മരണപ്പെട്ട വിവരം അറിഞ്ഞിട്ടും തുക വിതരണം നടത്തിയ സഹകരണബാങ്ക് എജന്റിൽ നിന്ന് വിശദീകരണം വാങ്ങാൻ സഹകരണബാങ്കിന് കത്ത് നൽകിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹമായി വിതരണം ചെയ്ത 13600/- രൂപ ഈടാക്കി പെൻഷൻ ഫണ്ട് അക്കൌണ്ടിൽ ഒടുക്കുവരുത്തേണ്ടതും പെൻഷൻ വിതരണത്തിലെ അപാകതകൾ സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 12/23-7-21

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-7-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6198/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.
പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട് . പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൺട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. (ഖണ്ഡിക 1-34 കാണുക). റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം മികവുറ്റതാക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡയറിയിൽ 07.11.2019 വരെ മാത്രമെ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളൂ.
സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-7 കാണുക). സുഭിക്ഷ കേരളം

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അപാകതകൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു (ഖണ്ഡിക 1-21 , 1-22, 1-23 കാണുക).

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ട് രേഖകളിൽ ബന്ധപ്പെട്ട കരാറുകളിൽ E-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. നിർവ്വഹണത്തിലെ വീഴ്ചകൾ പരിഹരിക്കപ്പെടേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/20 | 4/20 മുതൽ 12/20 വരെ | 6/3/21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2/17 | 2012-13 മുതൽ 2016-17 | 28/3/18 |

1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1 . 2020-21 സാമ്പത്തികവർഷം പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂൾ | I |
| 2 | പി.കെ.ജെ.എം പബ്ലിക് സ്കൂൾ | II |
| 3 | പി.കെ.ജെ.എം ഹൈസ്കൂൾ | I & II |
| 4 | ടേസ്റ്റി നട്ട്സ് ഇൻഡ്സ്ട്രീസ് | II |
| 5 | എ വൺ കാഷ്യൂസ് | I & II |
| 6 | ഇൻക്രഡിബിൾ വിസിബിലിറ്റി സൊല്യൂഷൻസ് | I & II |
| 7 | എൻ.എസ്.എസ്.ആർട്സ് കോളേജ് | I |

| | | |
|---|---|---|
| 8 | മെഡിസ്സൈബ് ഇൻഫോടെക് ഇൻഡ്യ ലിമിറ്റഡ് | I & II |

2) 2020-21 സാമ്പത്തിക വർഷം താഴെക്കാണുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ടേസ്റ്റി നട്ട്സ് ഇൻഡസ്ട്രീസ് |
| 2 | എ വൺ കാഷ്യൂസ് |
| 3 | ഇൻക്രഡിബിൾ വിസിബിലിറ്റി സൊല്യൂഷൻസ് |
| 4 | മെഡിസ്സൈബ് ഇൻഫോടെക്ക് ഇൻഡ്യാ ലിമിറ്റഡ് |

2020-2021 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കേരള സിറാമിക്സ് ലിമിറ്റഡ് ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതിയായ 74,700/- രൂപ ഒടുക്കിയത് 26/02/2021 ലാണെങ്കിലും പലിശ ഈടാക്കിയിട്ടില്ല.
ഡിമാന്റ് ചെയ്ത് നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്നും നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി പലിശയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം: 16/26.07.2021

1-12 കെട്ടിട നികുതി അസസ്സ്മെന്റിൽ കുറവ്

1. ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ (ചിറ്റുമല) ബിന്ദു റ്റി.എം., ബിന്ദുഭവൻ, കോട്ടപ്പുറം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 542-ആം നമ്പർ വാസഗൃഹത്തിന്റെ ആകെ ഏരിയ ആയി കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് 235.85 M2 (G.F- 167.14m2, F.F- 68.71 M2) ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 176 M2 (G.F- 107m2, F.F- 69 M2 മാത്രമേ അളവായി പരിഗണിച്ച് രേഖപ്പെടുത്തിയിട്ടുള്ളൂ. കുറവുള്ള 59.85 $M^2$ ഏരിയ 6 രൂപ നിരക്കിൽ കണക്കാക്കുമ്പോൾ വഴിയുടെ 20 % വർദ്ധനവ് ഉൾപ്പെടെ 430.92/- രൂപയും, ലൈബ്രറി സെസ്സ്, സർചാർജ് എന്നിവ ഉൾപ്പെടെ ആകെ തുകയായ 521/- രൂപ ഈടാക്കാനുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നികുതി തെറ്റായി ഈടാക്കിയിട്ടുള്ളത് ബോധ്യപ്പെട്ടെന്നും പ്രസ്തുത കെട്ടിടത്തിന്റെ ശരിയായ വിസ്തീർണം രേഖപ്പെടുത്തി അതുപ്രകാരം സഞ്ചയ സോഫ്റ്റ്വെയറിൽ വരുന്ന കെട്ടിട നികുതി കുടിശ്ശികയടക്കം ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഈടാക്കിയ നികുതി – 176 M2 X 6 + (വർധനവ് 20%=212)= 1268/-
ഈടാക്കേണ്ടിയിരുന്ന നികുതി – 235.85x6 + (വർധനവ് 20%) = 1700/-
നഷ്ട തുക – 432/- രൂപ
കുറവ് വന്ന നികുതി 432/-രൂപ ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.21/28.07.2021

2. ഒന്നാം വാർഡിലെ (ചിറ്റുമല) പയസ്, വിജയമ്മ എന്നിവരുടെ ഉടമസ്ഥതയിൽ വരുന്ന കെട്ടിട നമ്പർ 377,378 എന്നിവ യഥാക്രമം 38 M2, 27.44 M2 എന്നിങ്ങനെ 60/- രൂപ നിരക്കിൽ അസ്സസ്സ് ചെയ്തു നികുതി ഈടാക്കി വരുന്നു. അസ്സസ്സെന്റ് ഫയൽ പരിശോധിച്ചപ്പോൾ ആകെ ഏരിയ ആയി കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് 78.44 M2 ആണ്. എന്നാൽ 65.44m2 മാത്രമേ അളവായി പരിഗണിച്ച് രേഖപ്പെടുത്തിയിട്ടുള്ളൂ. 13.00 $M^2$ സ്റ്റെയർ കാബിൻ ഏരിയ അളവായി പരിഗണിച്ച് രേഖപ്പെടുത്തിയിട്ടില്ല. 13.00 $M^2$ ഏരിയ 50 രൂപ നിരക്കിൽ ലൈബ്രറി സെസ്സ്, സർചാർജ് എന്നിവ ഉൾപ്പെടെ ആകെ തുകയായ 786.5/- രൂപ ഈടാക്കാനുണ്ട്. 13.00 $M^2$ ആയ സ്റ്റെയർ കാബിൻ ഏരിയ പൊതുവിഭാഗത്തിന് ഉപയോഗിക്കുന്നതായതിനാൽ ആയത് കൂടി അസ്സസ്സ് ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നു ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്റ്റെയർ കാബിൻ വിട്ടുപോയതാണെന്നും ആയത് കൂടി പരിഗണിച്ച് നികുതി പുനർനിർണയിച്ച് കുടിശ്ശികയടക്കം ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഈടാക്കിയ നികുതി – 65.44 X 60= 3927/-
ഈടാക്കേണ്ടിയിരുന്ന നികുതി – 78.44 X 60=4707/-
നഷ്ടതുക = 780/-രൂപ
നികുതിയിനത്തിൽ അവശേഷിക്കുന്ന 780/-രൂപ ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 21/28.07.21

1-13 ലേലം-ജി.എസ്.ടി. ഈടാക്കിയില്ല.

2020-2021ലെ മാട്ടിറച്ചി ലേലം, ഗേറ്റ് ഫീസ് പിരിവ് എന്നിവ പരിശോധിച്ചതിൽ മാട്ടിറച്ചി 1060500/-രൂപയ്ക്ക് ഏറ്റെടുത്ത രാജേഷ്, തെങ്ങുവിള, ഗേറ്റ് ഫീസ് പിരിവ് 95000/- രൂപയ്ക്ക് ഏറ്റെടുത്ത സാബു, ഉണ്ടു പുരയിടം എന്നീ വ്യക്തികളിൽ നിന്ന് ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തിയിട്ടില്ലെന്ന് കണ്ടു. പ്രസ്തുത വ്യക്തികളിൽ നിന്നും 18% ജി.എസ്.ടിയിനത്തിൽ യഥാക്രമം 190890/-രൂ, 17100/- രൂ എന്നീക്രമത്തിൽ ഈടാക്കാത്തതിന്റെ വിവരം സൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക്, ലേലത്തിലേർപ്പെട്ട വ്യക്തികളുമായുള്ള കരാർ പ്രകാരം ഭാവിയിൽ ജി.എസ്.റ്റി ഒടുക്കേണ്ടി വന്നാൽ സന്നദ്ധമാണെന്നുള്ള വ്യവസ്ഥ ചേർത്താണ് കരാർ ഒപ്പു വച്ചിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ വ്യക്തികളിൽ നിന്നും ജി.എസ്.റ്റി ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-13-1 ലേലം നടത്തിപ്പിലെ അപാകതകൾ

2019-20, 2020-21 വർഷങ്ങളിലേക്കുള്ള മാട്ടിറച്ചി ലേലങ്ങളുടെ ഫയൽ പരിശോധിച്ചതിൽ ലേല ഡയറി പ്രകാരം അഞ്ച് വ്യക്തികൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ലേല നിബന്ധനകൾ 3 പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം നടക്കുന്ന ദിവസം 10.30ന് മുമ്പ് തന്നെ നിരതദ്രവ്യം ഓഫീസിൽ അടയ്ക്കേണ്ടതാണ് എന്നും ലേലത്തിന് പ്രവേശിക്കുന്നതിന് മുൻപ് നിരതദ്രവ്യം അടച്ചതിന്റെ രേഖകൾ സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖകൾ

പരിശോധിക്കുന്നതിനായി പ്രസ്തുത ദിവസങ്ങളിലെ ഡേബുക്ക് പരിശോധിച്ചതിൽ രണ്ട് വ്യക്തികൾ മാത്രമാണ് രണ്ടുവർഷങ്ങളിലും നിരതദ്രവ്യം ഒടുക്കിയിട്ടുള്ളത്. ഡേ ബുക്ക് പ്രകാരം രണ്ട് വ്യക്തികൾ മാത്രം നിരതദ്രവ്യം അടച്ചിരിക്കെ ലേലഡയറി പ്രകാരം അഞ്ചു വ്യക്തികൾ ലേലത്തിൽ പങ്കെടുത്തത് എപ്രകാരമാണെന്ന് അന്വഷിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലത്തിനായി നിർദ്ദിഷ്ട സമയത്തിന് മുമ്പ് ഹാജരാകുന്ന വ്യക്തികളിൽ നിന്ന് നിരതദ്രവ്യം ലേലഡയറിയിൽ രേഖപ്പെടുത്തി സ്വീകരിച്ച് ലേലഹാളിൽ പ്രവേശിപ്പിക്കുകയും ഒന്നും രണ്ടും സ്ഥാനക്കാരൊഴികെ ശേഷിക്കുന്നവർക്ക് തുക തിരികെ നല്കുകയുമാണ് അനുവർത്തിച്ച വരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. ലേലത്തിന്റെ നിരതദ്രവ്യം ഉയർന്ന തുക ആയതിനാൽ ലേലത്തിൽ പങ്കെടുക്കുന്ന എല്ലാ വ്യക്തികളിൽ നിന്നും നിരതദ്രവ്യം ഫ്രണ്ട് ഓഫീസ് വഴി അടവാക്കിയാൽ അതേ ദിവസം തിരികെ നൽകാൻ കഴിയാത്തതിനാലും കൂടുതൽ ക്രയവിക്രയങ്ങൾക്കിടയാകുമെന്നതിനാലുമാണ് ഇപ്രകാരം ചെയ്യുന്നതെന്നാണ് മറുപടി നല്കിയിരിക്കുന്നത്. ലേല നിബന്ധനകൾക്കും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും എതിരായതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. നിരതദ്രവ്യം പഞ്ചായത്തിലെ രസീത് മുഖേന സ്വീകരിച്ച് ലേലനടപടികൾ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-14 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി<br>നമ്പർ-26/20-21 |
| അടങ്കൽ | 7,20,000/- (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 1,80,000/- |
| നിർവഹണം | വി.ഇ.ഒ |

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് 1,80,000/- രൂപ സബ്സിഡി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | അമ്പിളി, ശിവ വിലാസം<br>സെറ്റിൽമെന്റ് കോളനി,പേരയം, വാർഡ് 12 | 90,000/- | 40/20-21, 30.12.20 |
| 2 | ഉഷ, ഷാജി ഭവനം<br>പേരയം, വാർഡ് 8 | 90,000/- | 43/20-21, 30.12.20 |
| | ആകെ | 1,80,000/- | |

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ മേൽ ഗുണഭോക്താക്കളെകൊണ്ട് പഠനമുറി പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കാത്തപക്ഷം 1,80,000/- രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണ്ട് തുടർനടപടി സ്വീകരിക്കുന്നതാണ്. അടിയന്തിരമായി ടി ഗുണഭോക്താക്കളെകൊണ്ട് പണി പൂർത്തീകരിച്ച് പൂർത്തീകരണരേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നമ്പർ.9/22-07-2021

1-15 ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചില്ല.

2020-2021 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് | വീട് പുനരുദ്ധാരണം(എസ്.സി)<br>നമ്പർ-25/20-21 |
| അടങ്കൽ | 27,00,000/- (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 24,00,000/- |

ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കായി ഒരു ഗുണഭോക്താവിന് 1,00,000/- രൂപ വച്ച് 20 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. തൻ വർഷം ആദ്യഗഡുവായി 50,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | ഓമന, ഉണ്ടുവിള വീട്<br>പേരയം, വാർഡ് 8 | 50,000/- | 32/20-21, 12.11.20 |
| 2 | രവീന്ദ്രൻ, കുന്നും ബംഗ്ലാവിൽ വീട്<br>പേരയം, വാർഡ് 9 | 50,000/- | 32/20-21, 23.12.20 |
| | ആകെ | 1,00,000/- | |

2.

| | |
|---|---|
| പ്രോജക്ട് | വീട് പുനരുദ്ധാരണം(ജനറൽ)<br>നമ്പർ-25/20-21 |
| അടങ്കൽ | 19,20,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 16,00,000/- |

ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കായി ഒരു ഗുണഭോക്താവിന് 40,000/- രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. തൻ വർഷം ആദ്യഗഡുവായി 20,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | റീന, നെട്ടുവിള വടക്കതിൽ<br>കരിക്കുഴി, വാർഡ് 3 | 20,000/- | 33/20-21, 3.11.20 |
| 2 | ജനിസ്റ്റാലിൻ, പരുത്തിവിളവീട്<br>പേരയം, വാർഡ് 11 | 20,000/- | 33/20-21, 3.11.20 |

| | | | |
|---|---|---|---|
| 3 | പ്രസന്ന, അരുൺ നിവാസ്, പടപ്പക്കര | 20,000/- | 33/20-21, 3.11.20 |
| 4 | ഷീജ, വട്ടവിളകിഴക്കതിൽ<br>കരിക്കുഴി, വാർഡ് 3 | 20,000/- | 33/20-21, 3.11.20 |
| 5 | തങ്കമ്മ, വള്ളിവിള വീട്, കാഞ്ഞിരകോട് | 20,000/- | 33/20-21, 3.11.20 |
| 6 | മറിയാമ്മ ജോൺ, പറങ്കിമാംവിള തെക്കതിൽ<br>വാർഡ് 9 | 20,000/- | 33/20-21, 3.11.20 |
| 7 | അജിതകുമാരി, ജോജിഭവൻ<br>വാർഡ് 4 | 20,000/- | 33/20-21, 3.11.20 |
| 8 | വിജയമ്മ, കരിമ്പു വീട്ടിൽ വടക്കതിൽ | 20,000/- | 49/21,23.2.21 |
| 9 | സിജി മോൾ, ചരുവിൽ മേലതിൽ<br>പടപ്പക്കര, വാർഡ് 2 | 20,000/- | 49/21,23.2.21 |
| 10 | സിറിൽ, കുളക്കാല ജയന്തി<br>പേരയം | 20,000/- | 49/21,23.2.21 |
| | ആകെ | 2,00,000/- | |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ മേൽ ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിപ്പിച്ച് പൂർത്തീകരണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-16 ദിവസവേതന പി.റ്റി.എസ് -അനുവദനീയമായതിലും അധികം തുക നൽകി

സർക്കാർ ഉത്തരവ് (പി) 61/ 2010 ധന തീയതി 09 - 02 - 2010 ഖണ്ഡിക 5, 6 എന്നിവ പ്രകാരം ഏതു കാരണത്താലും താൽക്കാലികാടിസ്ഥാനത്തിൽ പാർടൈം സ്വീപ്പർമാരെ നിയമിക്കേണ്ടി വരുമ്പോൾ ക്വാഷ്യൽ സ്വീപ്പർമാരെ കുടുംബശ്രീ വഴി റൊട്ടേഷൻ വ്യവസ്ഥയിൽ 179 ദിവസത്തേക്ക് നിയമിക്കണമെന്നും കാഷ്യൽ സ്വീപ്പർക്ക് ബാധകമായ ശമ്പളനിരക്കുകൾ നൽകണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നിയമനം നടത്തുകയും അധിക വേതനമായി 3520/- രൂപ നൽകിയിട്ടുണ്ട് ( 2020-21 വർഷം കാഷ്യൽ സ്വീപ്പറിന് ബാധകമായ ശമ്പളം പ്രതിമാസം 6000/- രൂപ കൺസോളിഡേറ്റഡ് മാത്രമേ നൽകാൻ കഴിയുകയുള്ളു)

വിശദ വിവരം ചുവടെ ചേർക്കുന്നു.

| മാസം | വൌച്ചർ നമ്പർ | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| മാർച്ച് | 22000044/18-4-20<br>ചെക്ക് നമ്പർ<br>994344/18-4-20 | 320/- രൂപാ<br>നിരക്കിൽ<br>11 ദിവസത്തേക്ക് | 3520/- | 2200/- | 1320/- |
| ആകെ | | | | | 1320/- |

അധികം നൽകിയ 1320/- രൂപാ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കാൻ

ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തുക തിരികെ ഈടാക്കി ഒടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ 1320/- രൂപ തിരികെ ഈടാക്കി ഒടുക്കി വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 3/19-7-21

1-17 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2020-2021 സാമ്പത്തിക വർഷത്തിൽ 1439 കുടുംബങ്ങൾക്കായി 75043 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 182 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 2,45,42,307/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് തുക മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു .

2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

5. ലൈഫ് ഭവനം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല.

6. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

7. പ്രവൃത്തിയുടെ ഫോട്ടൊകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

8. പ്രത്യേക സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്ട്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

9. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-18 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് - വിതരണം ചെയ്യാത്ത ലാപ് ടോപ്പിനായി ചെലവഴിച്ച 1,43,688/- രൂപ തടസത്തിൽ വയ്ക്കുന്നു.

മൽസ്യതൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി 2020-2021 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണഉദ്യോഗസ്ഥനായി വികസനഫണ്ട് ( ജനറൽ ) ഇനത്തിൽ 3,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് മൽസ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് എന്ന പദ്ധതി (പ്രോജക്ട് നമ്പർ 4/20-21). പ്രോജക്ട് പ്രകാരം ക്വട്ടേഷൻ / ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് ലാപ്ടോപ്പ് വാങ്ങാനാണ് നിഷ്കർഷിച്ചിരുന്നത്. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലാപ്ടോപ്പ് വാങ്ങുന്നതിലേക്കായി 1,43,688/- രൂപ (ബിൽ നമ്പർ. 1/2020-2021, തീയതി 29.03.21) കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥൻ കെൽട്രോണുമായി യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല. കരാറിന്റെ അഭാവത്തിൽ വെറുമൊരു പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് തുക മാറി കെൽട്രോണിന് നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെ കെൽട്രോണിൽ നിന്ന് ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയോ ആയതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ, നിർവഹണ ഉദ്യോഗസ്ഥൻ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ലാപ്ടോപ്പ് വാങ്ങുന്നതിലേക്കായി കെൽട്രോണിന് നൽകിയ 1,43,688/- രൂപ തടസത്തിൽ വയ്ക്കുന്നു. ലാപ്പ് ടോപ്പുകൾ ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത്, വിതരണം ചെയ്ത് തടസം ഒഴിവാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

എൻക്വയറി നമ്പർ 17/26.07.21

## 1-19 രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ- സബ്സിഡി അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 64/21, രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ |
| അടങ്കൽ തുക | 203000/- (189000/, വികസനഫണ്ട് ജനറൽ)<br>ഗു.വി.14,000/- |
| ചെലവഴിച്ച തുക | 184440/-(ബിൽ നം14/18-2-21 തുക 70000/-ബിൽ നം27/28-3-21, തുക 89000/-, ബിൽ നം28/27-3-21, തുക 12720/-,<br>ഗു.വി 12720/-ചെക്ക് നം. 754099/24-3-21) |

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിൽ മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽ കവിയാതെയാണ് നല്കാവുന്നത്. എന്നാൽ മേൽ പദ്ധതിയിൽ 160/- രൂപ വിലയുള്ള തെങ്ങിൻ തൈ 50% സബ്സിഡി 60/- രൂപയിൽ ലിമിറ്റ് ചെയ്ത് നല്കുന്നതിന് പകരം 50% സബ്സിഡിയായ 80/-രൂപ വീതം നല്കിയിരിക്കുന്നു. സബ്സിഡി അധികം നല്കിയതിന്റെ വിവരവും മേൽ പദ്ധതി നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

1. 2020-21 ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ. 6.1.5 പ്രകാരം പൊതുവായുള്ള തെങ്ങിൻതൈ വിതരണത്തിന് 75% സബ്സിഡി നല്കാവുന്നതാണ്. എന്നാൽ ഖ 6.1.12 പ്രകാരമുള്ള കേട് വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ

തൈകൾ വയ്ക്കൽ എന്ന പദ്ധതിയിലെ തെങ്ങിൻ തൈ വിതരണത്തിനും മറ്റാനുകൂല്യങ്ങൾക്കും കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ 12-11-20 ലെ TB(1)13192/19 സർക്കുലറിലെ ഖ.f പ്രകാരം മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽ കവിയാതെയും തെങ്ങ് മുറിച്ചു മാറ്റുന്നതിന് 1000/- രൂപ നിരക്കിലുമാണ് ധനസഹായം നല്കാവുന്നത്. മേൽ പദ്ധതി വഴി രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റിയവർക്ക് 160 രൂപ നിരക്കിൽ 159 തെങ്ങിൻ തൈകൾ KAICO യിൽ നിന്നും 25440/- രൂപയ്ക്ക് ( വികസനഫണ്ട് 12720/- ഗു.വി 12720/-) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 100 രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് പകരം 80 രൂപ നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും 12720/- രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്ത് രസീത് മുഖേന കളക്റ്റ് ചെയ്തിട്ടുള്ളത്. പ്രോജക്ടിലും 25% ഗുണഭോക്തൃവിഹിതമാണ് നിർണ്ണയിച്ചിരിക്കുന്നത്. ഒരു തെങ്ങിൻ തൈയ്ക്ക് 20/-രൂപ വീതം അധികം സബ്സിഡി നല്കിയത് മൂലം വികസനഫണ്ടിൽ നിന്നും 3180/-(159*20) അധികചെലവുണ്ടായിട്ടുണ്ട്. സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 3180/-രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തുക നിശ്ചയിച്ചതിലെ അപാകതയാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം 10/22-7-21
നിരാകരിക്കുന്ന തുക 3180/-രൂപ

1-20 കേരഗ്രാമം പദ്ധതി -നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 110/21 കേരഗ്രാമം പദ്ധതി |
| അടങ്കൽ തുക | 1297500/- (ജില്ലാപഞ്ചായത്ത് വിഹിതം775000 ഗു.വി.522500/-) |
| ചെലവഴിച്ച തുക | 448611/-ജില്ലാപഞ്ചായത്ത് വിഹിതം(ബിൽ നം 15/15-5-20 , തുക 82516/-, ബിൽ നം16/15-5-20, തുക 366095/-) |

കൃഷിഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായുള്ള മേൽപദ്ധതിയിൽ പേരയം കേരക്ലസ്റ്ററിലെ 3750 തെങ്ങുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്. 2018-19 ൽ ആരംഭിച്ച കേരഗ്രാമം പദ്ധതിയുടെ അടങ്കൽ തുക 1327500/- രൂപ ആയിരുന്നു. (തനത്ഫണ്ട് 25000/-, ജില്ലാപഞ്ചായത്ത് വിഹിതം 780000/-ഗു.വി.നേരിട്ട് ചെലവഴിക്കുന്നത് 522500/-) തെങ്ങ് മുറിച്ചു മാറ്റുന്നതിനുള്ള സഹായം ജില്ലാപഞ്ചായത്ത് നേരിട്ട് നല്കിയത് 250000/-). പ്രസ്തുത തുകയിൽ 2018-19 ൽ തനത്ഫണ്ട് 25000/- രൂപയും 2019-20ൽ ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും 5000/- രൂപയും ചെലവഴിച്ചിരുന്നു. 2020-21ലെ സ്പിൽഓവർപദ്ധതിയായി ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 775000/-ത്തിൽ നിന്നും പമ്പ്സെറ്റിന് സബ്സിഡിയായി 82516/- രൂപയും തെങ്ങ് മണ്ട വൃത്തിയാക്കലിന് 366095/- (KAICOയുടെ ഇൻവോയ്സ് നം Q1194/18-19 Dtd 25-2-19പ്രകാരം) രൂപയുമുൾപ്പെടെ 448611/-രൂപയാണ് പഞ്ചായത്ത് മുഖേന ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി ചെലവ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും തെങ്ങ് മണ്ട വൃത്തിയാക്കലിന് KAICOയിൽ നിന്നും സാമഗ്രികൾ വാങ്ങിയതിന് സബ്സിഡി അധികമായി നല്കിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കേരഗ്രാമം പദ്ധതിയിലുൾപ്പെടുത്തേണ്ട തെങ്ങുകളുടെ എണ്ണം നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3750 തെങ്ങുകളെ ഉൾപ്പെടുത്തി കേരക്ലസ്റ്റർ രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും തെങ്ങുകളുടെ എണ്ണം നിശ്ചയിച്ചതിന് സർവ്വേ നടത്തിയതിന്റെ രേഖകളോ ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവ് സംബന്ധിച്ച രേഖകളോ ഹാജരാക്കിയിട്ടില്ല. അതിനാൽ 3750 തെങ്ങുകളെ അടിസ്ഥാനമാക്കി നടത്തിയ തുടർ പ്രവർത്തനങ്ങളുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.

2. KAICOയിൽ നിന്നു വാങ്ങിയ ഇനങ്ങൾക്ക് സബ്സിഡി അധികം നല്കി.

KAICOയുടെ ഇൻവോയ്സിലെ ഇനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ് | വില(ജി.എസ്.റ്റി ഉൾപ്പെടെ | ആകെ |
|---|---|---|---|---|
| 1 | Neem Kernel Powder 600gm | 3750 | 50.001 | 187503.75/- രൂ |
| 2 | Mancozeb Sachet | 3750 | 20.0025 | 75009.38/-രൂ |
| 3 | Verticillium 250 Gm | 3750 | 30.009 | 112533.75/-രൂ, |
| | Labour Charge | 3750 | @50 | 187500/-രൂ, |
| | Beneficiary Contribution Collected | 187500 | | |
| | Round Off | | | -46.88 |
| | | | Total | 562500/- |

മേൽ ബിൽ പ്രകാരം ക്രമനം 1 മുതൽ 3 വരെയുള്ള ഇനങ്ങൾ 3750 എണ്ണം വീതം Neem Kernel Powder 600 Gm പാക്കിന് 89288/- രൂപയും Mancozeb Sachet ന് 35719/- രൂപയും Verticillium 250 Gm പാക്കിന് 53588/- രൂപയും ലേബർ ചാർജ്ജ് 187500/- രൂപയും ഉൾപ്പെടെ 366095/- രൂപയാണ് KAICO യ്ക്ക് നല്കിയിരിക്കുന്നത്. കേരഗ്രാമം പദ്ധതിയുടെ മാർഗരേഖ പ്രകാരം (കൃഷി വകുപ്പിന്റെ 12-11-20 ലെ TB(1)13192/19 സർക്കുലർ) പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽസിന് സബ്സിഡി 50% തെങ്ങൊന്നിന് 10 രൂപവീതം ആണ് നല്കാവുന്നത്. ഖ.ഡി യിൽ രാസവളങ്ങളുടെയും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽസിന്റെയും അമിതഉപയോഗം പരിമിതപ്പെടുത്തുന്നതിന് ബയോഫെർട്ടിലൈസേഴ്സ്/ ബയോപെസ്റ്റിസൈഡ്സും ബയോകൺട്രോൾ ഏജന്റ്സും ഉപയോഗിക്കാമെന്നും ഇവയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിലയുടെ 50% തെങ്ങൊന്നിന് 25/- രൂപ വീതവും ( D. To Limit The Exorbitant Use Of Chemical Fertilizers And Plant Protection Chemicals, Use Of Biofertilizers/bio-pesticides And Bio Control Agents Are Given Thrust Considering Environment Friendliness And Health Aspect Of The Society. 50% Subsidy Limited To Rs. 25/- Per Palm Can Be Given For Promoting The Use Of Biofertilizer, Biopesticide And Biocontrol Agents) ചെലവഴിക്കാമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പദ്ധതിയുടെ പരിശോധനയിൽ ബയോപെസ്റ്റിസൈഡ് ആയ Verticilliumവും Neem Kernel Powder ഉം (Biofertilizer Cum Bio Pesticide) വാങ്ങിയതിന്റെ സബ്സിഡി, വിലയുടെ 50 % തെങ്ങൊന്നിന് 25

രൂപയിൽ ലിമിറ്റ് ചെയ്ത് 3750 തെങ്ങിന് 93750/-രൂപ നല്കുന്നതിന് പകരം സബ്സിഡി ആയി 142876/-(89288+53588) രൂപയാണ് നല്കിയിരിക്കുന്നത്. 49126/- രൂപ അധികമായി നല്കി.

3. ബയോപെസ്റ്റിസൈഡുകളും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലും ഒരേ സമയം വാങ്ങി ഉപയോഗിച്ചു.

ബയോപെസ്റ്റിസൈഡുകൾക്കൊപ്പം (ഇൻവോയ്സ് ക്രമ നം. 1,3) പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലായ Mancozeb (ക്രമ നം. 2) വാങ്ങിയതിന്റെയും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽ ബയോപെസ്റ്റിസൈഡിനെ നിർവീര്യമാക്കുന്നതിനാൽ ബയോപെസ്റ്റിസൈഡുകളും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലായ Mancozeb ഉം ഒരേ സമയം ഉപയോഗിച്ചതിന്റെ ആവശ്യകതയും ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. അതിനാൽ Mancozeb വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച സബ്സിഡി തുകയായ 35719/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ വ്യക്തമായതും ശാസ്ത്രീയാടിസ്ഥാനത്തിലുള്ളതുമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലെ അപാകതകൾ സൂചിപ്പിച്ചു കൊണ്ടുള്ള എൻക്വയറിയുടെ മറുപടിയിൽ തെങ്ങുകളിൽ കയറി മണ്ട വൃത്തിയാക്കി മാൻകോസെബും വെർട്ടിസീലിയവും പ്രയോഗിച്ചതിനുള്ള കൂലിയിനത്തിൽ തെങ്ങൊന്നിന് 50 രൂപ നിരക്കിൽ 3750 തെങ്ങിന് 187500/-രൂപയും ( ഒറ്റത്തവണയായാണ് മേൽ പ്രവർത്തനം നടത്തിയിട്ടുള്ളത്. ഗുണഭോക്താക്കളോട് ഫോൺ മുഖേന അന്വേഷിച്ചതിലും, ഒറ്റത്തവണ മാത്രമാണ് തെങ്ങിന്റെ മണ്ടയ്ക്ക് മരുന്ന് പ്രയോഗിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്.) വെർട്ടിസിലിയത്തിന് തെങ്ങൊന്നിന് 15/- രൂപ നിരക്കിൽ 56250/- രൂപയും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലായ മാൻകോസെബിന് തെങ്ങൊന്നിന് 10 രൂപ നിരക്കിൽ 37500 /-രൂപയും Neem Kernel Powder തെങ്ങൊന്നിന് 25 രൂപ നിരക്കിൽ 93750/- രൂപയും ജി.എസ്.ടി ഉൾപ്പെടെ 375000/- രൂപ സബ്സിഡി നിശ്ചയിക്കുകയും കൃഷി ഡെപ്യൂട്ടി ഡയറക്ടർ 366095/- രൂപയായി ലിമിറ്റ് ചെയ്ത് അനുവദിച്ചു നല്കിയെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയിലെ നിരക്കുകളുമായി യോജിക്കാത്തതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല .

4. ഗുണഭോക്തൃ വിഹിതം വാങ്ങിയതിന്റെയോ KAICO-യിൽ ഒടുക്കു വരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താക്കൾക്ക് ഉദ്പ്പാദനോപാധികൾ വാങ്ങി നല്കുന്ന സാഹചര്യങ്ങളിൽ ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ അടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടച്ചിട്ടില്ല. ലേബർ ചാർജ്ജിന്റെ ഗുണഭോക്തൃ വിഹിതമിനത്തിൽ 187500/- രൂപ കളക്റ്റ് ചെയ്തതായി KAICO ടെ ഇൻവോയ്സിൽ സൂചിപ്പിക്കുന്നുണ്ട്. സബ്സിഡിയിനത്തിലുള്ള തുകകൾ KAICOയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും എന്നാൽ ടി ഗുണഭോക്തൃവിഹിതവും ഇൻവോയ്സ് ക്രമനം 1 മുതൽ 3 വരെയുള്ള ഇനങ്ങളുടെ ഗുണഭോക്തൃ വിഹിതവും വാങ്ങിയതിന്റെയോ KAICO-യിൽ ഒടുക്ക് വരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. ജൈവകീടനാശിനി/ജൈവവളം തെങ്ങുകളിൽ പ്രയോഗിച്ചതിന്റെ വിവരം

KAICO ടെ ഇൻവോയ്സ് പ്രകാരം വാങ്ങിയ ഇനങ്ങൾ, ഏതൊക്കെ അളവുകളിലാണ് തെങ്ങുകളിൽ ഉപയോഗിച്ചതെന്നോ മേൽ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരമോ, പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെ വിവരങ്ങളോ സാക്ഷ്യപത്രങ്ങളോ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി KAICO-യിൽ ഒടുക്ക് വരുത്തിയ 366095/-രൂപയിൽ അധികമായി നല്കിയ സബ്സിഡി തുക 49126/- രൂപ നിരാകരിക്കുകയും 316969/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അധികമായി നല്കിയ സബ്സിഡി തുക തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കുവരുത്തേണ്ടതും ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

എൻക്വയറി നം 10/22-7-21

നിരാകരിക്കുന്ന തുക 49126/-

തടസ്സപ്പെടുത്തുന്ന തുക 316969/-

## 1-21 സുഭിക്ഷകേരളം തരിശ്ഭൂമി കൃഷിക്ക് സബ്സിഡി-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

മേൽ പദ്ധതിക്ക് വേണ്ടിയുള്ള മാർഗ്ഗനിർദേശങ്ങളിൽ തരിശുഭൂമിയാണെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ വേണമെന്നും (മൂന്നു വർഷത്തിലധികമായി കാർഷിക പ്രവർത്തനങ്ങൾ ചെയ്തിട്ടില്ലാത്ത) പ്രസ്തുത ഭൂമിയിൽ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായ ധന സഹായം നൽകാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിത്ത്, വളം, കീടനാശിനി തുടങ്ങി ഉല്പാദനോപാധികൾ മറ്റു കൃഷി ചെലവുകൾ ഉൾപ്പെടെ അനുവദിക്കാവുന്ന പരമാവധി സഹായമാണ് മാർഗരേഖയിൽ ഉള്ളത്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ തരിശുഭൂമി യാണെന്ന സാക്ഷ്യപ്പെടുത്തലോ കൃഷി ചെയ്ത സ്ഥലത്തിൻറെ അളവോ ഏത് കൃഷിയാണ് ചെയ്തതെന്നോ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃഷി സ്ഥലം ഒരുക്കിയതിന്റെ ചെലവ് വൌച്ചർ മാത്രമാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ കൃഷി ചെയ്ത സ്ഥലത്തിന്റെ അളവിനെ അടിസ്ഥാനമാക്കി ആനുകൂല്യം അനുവദിക്കേണ്ടതിനാൽ വ്യക്തമായ രേഖകളില്ലാതെ സബ്സിഡി നിശ്ചയിച്ചത് എപ്രകാരമാണെന്ന് ബോദ്ധ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 10/22-7-21

### 1-21-1 തൊഴിലുറപ്പ് പദ്ധതി വഴി സുഭിക്ഷകേരളം തരിശുഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചവർക്ക് കൃഷി ഓഫീസ് വഴി വീണ്ടും ആനുകൂല്യം ലഭിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം 158/21 | 158/21,സുഭിക്ഷകേരളം-തരിശ്ശ് ഭൂമി കൃഷിയോഗ്യമാക്കൽ |
| അടങ്കൽ തുക | 702000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-,ബ്ലോക്ക് പഞ്ചായത്ത് 185000/- ഗ്ര.വി 297000/- |
| ചെലവഴിച്ച തുക | 405000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-,ബ്ലോക്ക് പഞ്ചായത്ത് 185000/-) |

തരിശുഭൂമി കൃഷിയുടെ മാർഗരേഖയിൽ (ജി.ഒ(ആർ.ടി) 1009/20 ത.സ്വ.ഭ.വ തീ 29-5-20) തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണമായി ഉപയോഗപ്പെടുത്തണമെന്നും തരിശ്ഭൂമിയിലെ ആദ്യകൃഷിക്ക് മാത്രമാണ് തരിശ്കൃഷിയുടെ ആനുകൂല്യം നല്കാവുന്നതെന്നും കൃഷി യോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുക ആണെങ്കിൽ സ്ഥിരം കൃഷിക്കുള്ള സഹായം നൽകാവുന്നതാണെന്നും

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പരിശോധനയിൽ തൊഴിലുറപ്പ് പദ്ധതിയിലെ സുഭിക്ഷകേരളം തരിശുഭൂമി കൃഷി യോഗ്യമാക്കൽ-പദ്ധതി വഴി തരിശു ഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചവർക്ക് കൃഷി ഓഫീസർ നടപ്പിലാക്കിയ സുഭിക്ഷകേരളം തരിശുഭൂമി കൃഷി യോഗ്യമാക്കൽ പദ്ധതി വഴിയും തരിശുഭൂമി കൃഷി യോഗ്യമാക്കലിന് കൂലിച്ചെലവ് സബ്സിഡി ആനുകൂല്യം ലഭിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര്/ഭൂമിയുടെ അളവ് | സുഭിക്ഷകേരളം തരിശുഭൂമി കൃഷി യോഗ്യമാക്കൽ-തൊഴിലുറപ്പ് പദ്ധതി വഴിചെലവഴിച്ച് തൊഴിൽ കൂലി | സുഭിക്ഷകേരളം തരിശുഭൂമി കൃഷി യോഗ്യമാക്കൽ- കൃഷി ഓഫീസറുടെ പദ്ധതി വഴി ലഭിച്ച ആനുകൂല്യം |
|---|---|---|
| ഇന്ദിരാകുമാരി.ജെ, തേജസ്സ്, പടപ്പക്കര,50 (20.23) | 13545/-(FTO No KL161300400518 11220 Dtd 11-12-20 | 7000/-(2400+1800+2800) ബിൽ നം 26/20-3-21 തുക 71000/-, ചെക്ക് നം 029014/26-3-21 തുക8000/-,ചെക്ക്നം 029017/26-3-21 തുക 30000/- |
| ഫ്രീദാമ്മജോസ് ഫ്രിജോ ഭവനം,പടപ്പക്കര 125 സെന്റ് | 25285/-(FTO No KL161300400518 180920 Dtd 18-9-20) | 14300 (10800+3500) ബിൽനം 32/30-3-21 തുക 107000/-,ബിൽ നം 30/29-3-21 തുക 42000/- |

മേൽ വ്യക്തികൾക്ക് തൊഴിലുറപ്പ് പദ്ധതി വഴി തരിശ് ഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത ആവശ്യത്തിന് കൃഷി ഓഫീസ് മുഖേന നല്കിയ ആനുകൂല്യമായ 21300/- രൂപ നിരാകരിക്കുന്നു.അധികമായി നല്കിയ ആനുകൂല്യം തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിയുടെ മറുപടി തൊഴിലുറപ്പ് പദ്ധതി രേഖകളുമായി പൊരുത്തപ്പെടുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ മറുപടിയിലെ അംഗീകരിക്കാവുന്ന ഭാഗങ്ങളിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ മേൽ അപാകതൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

എൻക്വയറി നം 18/26-7-21

നിരാകരിക്കുന്ന തുക 21300/-

## 1-21-2 സുഭിക്ഷകേരളം തരിശ്ഭൂമി കൃഷി സബ്സിഡി- ഭൂമിയുടെ അളവിൽ അധികമായി ആനുകൂല്യം നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം 158/21 | 158/21, സുഭിക്ഷകേരളം-തരിശ്ശ് ഭൂമി കൃഷിയോഗ്യമാക്കൽ |
| അടങ്കൽ തുക | 702000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-ബ്ലോക്ക് പഞ്ചായത്ത് 185000/- ഗ്ര.വി 297000/- |
| ചെലവഴിച്ച തുക | 405000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-ബ്ലോക്ക് പഞ്ചായത്ത് 185000/-) |

സുഭിക്ഷകേരളം പദ്ധതിയുടെ ഗുണഭോക്താവായ വത്സല കുഞ്ഞമ്മ, കടയാറ്റ് രാജീവം എന്ന വ്യക്തിക്ക് 29560/- രൂപ (ബിൽ നം 29/27-3-21 തുക 24000/-, ചെക്ക് നം 029014/25-3-21 5600/-) 133 സെന്റ് തരിശുഭൂമി നെല്കൃഷിക്ക് വേണ്ടി തയ്യാറാക്കിയതിന് ആനുകൂല്യം നല്കിയിട്ടുണ്ട്. സുഭിക്ഷകേരളം പദ്ധതിയുടെ സബ്സിഡി മാനദണ്ഡങ്ങൾ 29-5-20ലെ തസ്വഭവകുപ്പിന്റെ സ.ഉ1009/2020 ഉത്തരവ് ഖ.2-1 ക്രമനം. 1 പ്രകാരം നെൽകൃഷിക്ക് വിത്ത്, വളം, കീടനാശിനി, കൂലി ചിലവ് എന്നിവ ഉൾപ്പെടെ നൽകാവുന്ന പരമാവധി സബ്സിഡി കർഷകന് 35000/- രൂപയും പാട്ടത്തിനെടുത്ത ഭൂമിയാണെങ്കിൽ ഭൂ ഉടമയ്ക്ക് 5000/-രൂപയും ഭൂ ഉടമയാണ് കർഷകനെങ്കിൽ 40000/- രൂപയ്ക്കും അർഹതയുണ്ട്. അതിനാൽ 133 സെന്റ് ഭൂമിയിലെ വിത്ത് വളം കീടനാശിനി കൂലി ചിലവ് എന്നിവ ഉൾപ്പെടെ ഭൂ വുടമയായ ടിയാൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 21280/- രൂപ (@160/ സെന്റ്) യാണെങ്കിലും കൂലിച്ചെലവിനത്തിൽ മാത്രം 29560/- രൂപ നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നല്കിയ 8280/- രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

കൂടാതെ ടി പദ്ധതി നിർവ്വഹണത്തിന് മേൽ ഉത്തരവ് ഖ.2.2.1 മുതൽ 5 വരെയുള്ള ഭാഗങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ആവശ്യമായ സാക്ഷ്യപ്പെടുത്തലുകളും സാക്ഷ്യപത്രങ്ങളും തയ്യാറാക്കിയിട്ടില്ല. സബ്സിഡി ആനുകൂല്യം രണ്ട് തവണയായി വിതരണം ചെയ്യണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

എൻക്വയറി നം 18/26-7-21

നിരാകരിക്കുന്ന തുക 8280/-

1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര് , അടങ്കൽ തുക, ഫണ്ട് | ചെലവഴിച്ച തുക (ബിൽനം), | തടസ്സപ്പെടുത്തുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 191/21 പബ്ലിക്ക് മാർക്കറ്റിലെ കുഴൽക്കിണർ ഉപയോഗയോഗ്യമാക്കൽ, ധനകാര്യകമ്മീഷൻ ഗ്രാന്റ് 118720/-, ഭൂജലവകുപ്പ് കൊല്ലം ഓഫീസിൽ നിന്നും കുഴൽക്കിണർ നിർമ്മിച്ചതിന്റെ ബാലൻസ് തുക 35560/- | 154280/-(ബിൽ നം 27/23-1-21 തുക 118720/-കുഴൽക്കിണർ നിർമ്മിച്ചതിന്റെ ബാലൻസ് തുക 35560/-) | 154280/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 2 | 95/21 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 110000/-,വികസനഫണ്ട് ജനറൽ 65641/ | 137969/-(ബിൽ നം33/24-2-21,തുക72328 /-,ബിൽ നം32/24-2-21,തുക 65641/-) | 137969/- | പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 3 | 120/21സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ ,വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 810000/- | 810000/-(ബിൽ നം5/15-5-20,തുക468000 /-,ബിൽ നം4/15-5-20,തുക 342000/-) | 810000/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 4 | 117/21 ഐ.കെ.എമ്മിന് വിഹിതംനല്കൽ,വികസനഫണ്ട് ജനറൽ 103221/- | 103221/- ബിൽ നം 1/20-4-20 | 103221/- | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 5 | 93/21 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, തനത് ഫണ്ട് 50229/- | 50229/-, ചെക്ക് നം 336940/1-1-21 | 50229/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 6 | 96/21 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, ധനകാര്യകമ്മീഷൻ ഗ്രാന്റ് 3418300/- | 3418300/- ബിൽ നം 34/24-2-21 | 3418300/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| | | ആകെ | 4673999/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ വിവരം സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം 1/14-7-21

തടസ്സപ്പെടുത്തുന്ന തുക 4673999/-

## 1-25 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 118/21 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി<br>(2019-20ലെ 49/20 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി എന്ന പദ്ധതിയുടെ സ്പിൽ ഓവർ |
| അടങ്കൽ തുക | 1). തുക 233300/-(വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 133300/-<br>വികസനഫണ്ട് ജനറൽ 100000/-) |
| ചെലവഴിച്ച തുക | 233300/-(വികസനഫണ്ട് ജനറൽ 100000/-ബിൽ നം<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് 133300/-(ബിൽ നം 2/15-5-20 തുക 103360/-, ബിൽ നം 11/27-8-20 തുക 29940/-,<br>2019-20 ൽ 166700/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച (ബിൽ നം 24/26-10-19) |

തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി എന്ന പദ്ധതിക്കായി അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്റ്റർമാരിൽ നിന്നും 2019-20ൽ കരാർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഷാജി, ചൂരക്കാട്ട് വീട് എന്ന വ്യക്തിയുമായി (സിംഗിൾ ട്യൂബ് മെയിന്റനൻസിന് 130/-, ഡബിൾ ട്യൂബ് മെയിന്റനൻസിന് 150/-) 22-8-19 മുതൽ 22-8-20 വരെ തെരുവ് വിളക്ക് മെയിന്റനൻസിനായി കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കാലയളവിലെ മെയിന്റനൻസിന് രണ്ട് വർഷങ്ങളിലുമായി 400000/- രൂപ (166700+233300) കരാറുകാരന് നല്കിയിട്ടുണ്ട്. 2020-21 കരാർ കാലയളവിലെ പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(2020-21 ലെ 118/21 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി എന്ന പദ്ധതി) കരാർ വ്യവസ്ഥകളിലും (വ്യവസ്ഥ 19) സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിലും തെരുവ് വിളക്ക്സ്ഥാപിക്കലും ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരം (പോസ്റ്റ് നം ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരനും പഞ്ചായത്ത് ഓഫീസിലും സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും പ്രസ്തുത നടപടികളൊന്നും പഞ്ചായത്തിൽ പാലിക്കുന്നില്ല. തെരുവുവിളക്കുകളിൽ ഏത് തരത്തിലുള്ള മെയിന്റനൻസ് ആണ് നടത്തിയതെന്നോ ഏതൊക്കെ പാർട്സുകൾ/ വിളക്കുകളാണ് മാറ്റിയിട്ടതെന്നോ ഉള്ള വിവരം എവിടെയും രേഖപ്പെടുത്തുന്നില്ല. കരാർ വ്യവസ്ഥ 16 ൽ തെരുവിളക്ക് മെയിന്റനൻസിന്റെ ഭാഗമായി മാറ്റിയിട്ടുള്ള ഉപകരണങ്ങൾ ഏതൊക്കെയെന്ന് ലിസ്റ്റ് ആക്കി പഞ്ചായത്തിൽ നൽകേണ്ടതും അതിനുപകരമായി പോസ്റ്റിൽ നിന്നും മാറ്റിയതും തകരാറായതോ ഉപയോഗപ്രദമായതോ ആയ പഴയ ഉപകരണങ്ങൾ പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതാണെന്നും ഇതിനായി ഒരു ലിസ്റ്റ് സൂക്ഷിക്കേണ്ടതും ഉപകരണങ്ങളുടെ കൊടുക്കൽ വാങ്ങൽ വേളയിൽ കൈപ്പറ്റ് രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും മേൽ നിബന്ധനകളൊന്നും പാലിക്കുന്നില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവ് വിളക്ക് രജിസ്റ്ററിൽ പഞ്ചായത്തിൽ ആകെ 186 ഡബിൾ ട്യൂബ് സെറ്റുകളും 1116 സിംഗിൾ ട്യൂബുകളുമുള്ള തെരുവ് വിളക്കുകളും ഉണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (മുൻ വർഷം എൽ.ഇ.ഡി ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല). എന്നാൽ തെരുവ് വിളക്ക് മെയിന്റനൻസിനായി ഇലക്ട്രീഷ്യന് കൈമാറിയ ഇലക്ട്രിക് ഉപകരണങ്ങളുടെ എണ്ണവും മേൽ രജിസ്റ്റർ പ്രകാരം ഉള്ള തെരുവ് വിളക്കുകളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരംപഞ്ചായത്ത് പരിധിയിലുള്ള ആകെ ഡബിൾ ട്യൂബ് സെറ്റുകൾ | തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരംപഞ്ചായത്ത് പരിധിയിലുള്ള ആകെ സിംഗിൾട്യൂബ് സെറ്റുകൾ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാർ കാലയളവിൽ ഇലക്ട്രീഷ്യൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ വിവരം | | |
|---|---|---|---|---|
| 186 | 1116 | ട്യൂബ് സെറ്റുകൾ | ഇലക്ട്രോണിക് ചോക്കുകൾ | അലൂമിനിയം വയർ |
| | | 2035 (മുൻബാക്കി | 1970 (മുൻബാക്കി 570എണ്ണം+ | 60 കോയിൽ |

| | | | | |
|---|---|---|---|---|
| | | 635എണ്ണം+ 1400 എണ്ണം24-8-19 ലും ) | 1400എണ്ണം24-8-19ലും) | |

(മുൻ നീക്കിയിരിപ്പും തൻ വർഷം 50/20 എന്ന പദ്ധതി വഴി 179496/- രൂപ ചെലവിൽ കെ.എം അസോസിയേറ്റ്സിൽ നിന്നും വാങ്ങി 24-8-19 ൽ സ്റ്റോക്കിലെടുത്തിട്ടുള്ള 1400 ട്യൂബുകളും 1400 ഇലക്ട്രോണിക് ചോക്കുകളും 60 കോയിൽ അലൂമിനിയം വയറും 500 ഇൻസുലേഷൻ ടേപ്പുമുൾപ്പെടെയുള്ളവ)

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാർ കാലയളവിൽ തെരുവ് വിളക്ക് മെയിന്റനൻസിനായി കരാറുകാരന് കൈമാറിയ ട്യൂബുകൾ, ഇലക്ട്രോണിക് ചോക്കുകൾ മറ്റുപകരണങ്ങൾ എന്നിവയുടെ എണ്ണവും ആകെ തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത് കരാർ കാലയളവിൽ എല്ലാ തെരുവുവിളക്കിലെയും ട്യൂബുകളും ഇലക്ട്രോണിക് ചോക്കുകളും മാറ്റുകയും റിപ്പയറിങ്ങിനായി മുൻ ബാക്കി ഉൾപ്പെടെ 69 കോയിൽ അലൂമിനിയം വയറും 549 ഇൻസുലേഷൻ ടേപ്പ് എന്നിവയും സ്റ്റോക്ക് രജിസ്റ്റർപ്രകാരം മുൻ ബാക്കിയായുണ്ടായിരുന്ന റോട്ടർ ഹോൾഡർ(വലുതും ചെറുതും) എന്നിവയും ഉപയോഗിച്ചതായാണ് കാണുന്നത്. തെരുവ് വിളക്ക് മെയിന്റനൻസിന്റെ കൂലിച്ചെലവ് നല്കിയതിന് അടിസ്ഥാനമാക്കിയ കണക്കുകളും ഉപയോഗിച്ച/ മാറ്റിയിട്ട ഉപകരണങ്ങളുടെ കൃത്യമായ കണക്കുകളും ഹാജരാക്കുന്നത് വരെ തെരുവ് വിളക്ക് പരിപാലനത്തിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

എൻക്വയറി നം 1/14-7-21

തടസ്സപ്പെടുത്തുന്ന തുക

2020-21-233300/-

1-26 തെരുവ് വിളക്ക് എൽ.ഇ.ഡി സ്ഥാപിക്കലും സൂപ്പർ വിഷൻ ചാർജ്ജും-പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി രൂപീകരിച്ച 54/20 തെരുവ് വിളക്ക് എൽ.ഇ.ഡി സ്ഥാപിക്കലും സൂപ്പർ വിഷൻ ചാർജ്ജും എന്ന പദ്ധതിക്ക് 2019-20ൽ അംഗീകാരം ലഭിച്ചിരുന്നെങ്കിലും നടപ്പിലാക്കിയിരുന്നില്ല. ടി പദ്ധതിക്ക് 2020-21 ൽ സ്പിൽ ഓവറായി അംഗീകാരം ലഭിച്ചിരുന്നില്ല. 2020-21ലെ ബിൽബുക്കിൽ ബിൽ നം 3/15-5-20 പ്രകാരം പിൻവലിച്ചതും സുലേഖ സ്റ്റേറ്റ്മെന്റിലുൾപ്പെട്ടിട്ടില്ലാത്തതുമായ 175000/-രൂപയുടെ ചെലവ് രേഖകൾ ആവശ്യപ്പെട്ടപ്പോൾ, കെ.എം അസോസിയേറ്റ് എന്ന സ്ഥാപനത്തിൽ നിന്നും 140 എൽ.ഇ.ഡി ലൈറ്റ്സെറ്റുകൾ (3 വർഷവാറന്റിയോട് കൂടി) സ്ഥാപിച്ചതിന്റെ ചെലവിനത്തിൽ 175000/- രൂപ നല്കിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. അംഗീകരിച്ച പദ്ധതി രേഖകൾ, പദ്ധതിയുടെ ടെണ്ടർ നോട്ടീസ്, സ്ഥാപനത്തെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിശദമായ കമ്മിറ്റി തീരുമാനം പർച്ചേസ് കമ്മിറ്റി തീരുമാനം എന്നിവ ഹാജരാക്കിയില്ല . പ്രസ്തുത കാരണങ്ങളാൽ എൽ.ഇ.ഡി വാങ്ങി

സ്ഥാപിക്കുന്നതിന് വേണ്ടി ചെലവഴിച്ച 175000/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 1/14-7-21

തടസ്സപ്പെടുത്തുന്ന തുക 175000/-

1-27 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

1).

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 164/21 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ<br>(2019-20ലെ 50/20 തെരുവ് വിളക്ക് വാങ്ങൽ എന്ന പദ്ധതിയുടെ സ്പിൽ ഓവർ |
| അടങ്കൽ തുക | 220504/- (വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 120504/-<br>തനത് ഫണ്ട് 100000/- |
| ചെലവഴിച്ച തുക | 113897/-വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് (തുക 70248/-ബിൽ നം 19/25-11-20<br>തുക43649/- (ബിൽ നം 20/25-11-20 തുക |
| വാങ്ങിയ ഉപകരണങ്ങൾ/ സ്റ്റോക്കിലെടുത്ത തീയതി | ഇൻവോയ്സ് നം 9/9-6-20 വഴി 500 ട്യൂബ് സെറ്റ്, 600 ഇലക്ട്രോണിക് ചോക്ക്, 10 കോയിൽ അലൂമിനിയം വയർ, 150 ഇൻസുലേഷൻ ടേപ്പ്<br>ഇൻവോയ്സ് നം 4/19-5-20 വഴി 500 ട്യൂബ് സെറ്റ്, 300 ഇലക്ട്രോണിക് ചോക്ക്, 10 കോയിൽ അലൂമിനിയം വയർ, 50 ഇൻസുലേഷൻടേപ്പ്.(കെ.എം അസോസിയേറ്റ്സ്)സ്റ്റോക്കിലെടുത്തിട്ടില്ല |

2).

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 50/20 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ (2019-20) |
| അടങ്കൽ തുക | 400000/- (വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 300000/-<br>തനത് ഫണ്ട് 100000/-) |
| ചെലവഴിച്ച തുക | 179496/- വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ബിൽ നം 23/26-10-19 |
| വാങ്ങിയ ഉപകരണങ്ങൾ/ സ്റ്റോക്കിലെടുത്ത തീയതി | 1400 ട്യൂബ്സെറ്റ്, 1400 ഇലക്ട്രോണിക് ചോക്ക്, 60 കോയിൽ അലൂമിനിയം വയർ, 500 ഇൻസുലേഷൻ ടേപ്പ് (കെ.എം അസോസിയേറ്റ്സ്) 24-8-19 ൽ സ്റ്റോക്കിലെടുത്തു |

3).

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നം | 92/21 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ (2020-21) |
| അടങ്കൽ തുക | 399998/- (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 399989/- (തുക 343870/-ബിൽ നം 31/19-2-21<br>തുക 56119/- ബിൽ നം 41/28-3-21 |
| വാങ്ങിയ ഉപകരണങ്ങൾ/ സ്റ്റോക്കിലെടുത്ത തീയതി | 23-9-20ൽ സ്റ്റോക്കിലെടുത്തവ<br>36വാട്ട് ഫ്ലൂറസന്റ് ട്യൂബ് ലൈറ്റ് – 1500<br>സ്റ്റാർട്ടർ – 1050<br>ഇലക്ട്രോണിക് ചോക്ക് – 1300<br>17വാട്ട് എൽ.ഇ.ഡി ബൾബ് – 250<br>അലൂമിനിയം വയർ – 28 കോയിൽ<br>ഇൻസുലേഷൻ ടേപ്പ് – 140<br>റോട്ടർ ഹോൾഡർ വലുത്, ചെറുത് – 500, 1120<br>25-2-21 ൽ 10 കോയിൽ അലൂമിനിയം വയർ, 329 ഇലക്ട്രോണിക് ചോക്ക്, 250 ഇൻസുലേഷൻ ടേപ്പ്, 250 പെന്റന്റ് ഹോൾഡർ എന്നിവ സ്റ്റോക്കിലെടുത്തു. |

2019-20 ലെ (ടേബിൾ നം 2) തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയായി 2020-21 ൽ നടപ്പിലാക്കിയ 164/21 (ടേബിൾ നം 1) എന്ന പദ്ധതി പ്രകാരം വാങ്ങിയ 118397/- രൂപയുടെ ഉപകരണങ്ങൾ ( ടേബിൾ നം 1) സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. 2020-21 ലെ പദ്ധതിയായ 92/21 വഴി വാങ്ങിയ 399989/- രൂപ ( ടേബിൾ നം 3)യ്ക്ക് വാങ്ങിയ ഉപകരണങ്ങൾ 23-9-20, 25-2-21 എന്നീ തീയതികളിലായി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാത്ത ഉപകരണങ്ങൾക്ക് വേണ്ടി ചെലവഴിച്ച 118397/- രൂപ നിരാകരിക്കുന്നു. മേൽ വിവരങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 1/14-7-21

നിരാകരിക്കുന്ന തുക 118397/-

1-28 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി-അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 82/21 തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി |
| അടങ്കൽ തുക | 400000/-വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| ചെലവഴിച്ച തുക | 141090/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |

തെരുവ് വിളക്ക് മെയിന്റനൻസ് എ.എം.സി എന്ന പദ്ധതിക്കായി അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടർമാരിൽ നിന്നും 2020-21ൽ കരാർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഷാജി, ചൂരക്കാട്ട് വീട് എന്ന വ്യക്തിയുമായി(സിംഗിൾ ട്യൂബ് മെയിന്റനൻസിന് 125/-, ഡബിൾ ട്യൂബ് മെയിന്റനൻസിന് 145/-, സി.എഫ്.എൽ/എൽ.ഇ.ഡി.ബൾബ് 100) തെരുവ് വിളക്ക് മെയിന്റനൻസിനായി കരാറിലേർപ്പെട്ടിരുന്നു(.14-9-20 മുതലുള്ള കാലയളവിലെ മെയിന്റനൻസിന് പാർട്ട് ബില്ലായി 141090/-രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. 2020-21 കരാർ കാലയളവിലെ പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കരാർ വ്യവസ്ഥകളിലും (വ്യവസ്ഥ 19) സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിലും തെരുവ് വിളക്ക്സ്ഥാപിക്കലും ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരം (പോസ്റ്റ് നം ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരനും പഞ്ചായത്ത് ഓഫീസിലും സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും പ്രസ്തുത നടപടികളൊന്നും പഞ്ചായത്തിൽ പാലക്കുന്നില്ല. തെരുവുവിളക്കുകളിൽ ഏത് തരത്തിലുള്ള മെയിന്റനൻസ് ആണ് നടത്തിയതെന്നോ ഏതൊക്കെ പാർട്സുകൾ/വിളക്കുകളാണ് മാറ്റിയിട്ടതെന്നോ ഉള്ള വിവരം എവിടെയും രേഖപ്പെടുത്തുന്നില്ല. കരാർ വ്യവസ്ഥ 16 ൽ തെരുവിളക്ക് മെയിന്റനൻസിന്റെ ഭാഗമായി മാറ്റിയിട്ടുള്ള ഉപകരണങ്ങൾ ഏതൊക്കെയെന്ന് ലിസ്റ്റ് ആക്കി പഞ്ചായത്തിൽ നൽകേണ്ടതും അതിനുപകരമായി പോസ്റ്റിൽ നിന്നും മാറ്റിയതും തകരാറായതോ ഉപയോഗപ്രദമായതോ ആയ പഴയ ഉപകരണങ്ങൾ പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതാണെന്നും ഇതിനായി ഒരു ലിസ്റ്റ് സൂക്ഷിക്കേണ്ടതും ഉപകരണങ്ങളുടെ കൊടുക്കൽ വാങ്ങൽ വേളയിൽ കൈപ്പറ്റ് രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും മേൽ നിബന്ധനകളൊന്നും പാലിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാർ കാലയളവിൽ തെരുവ് വിളക്ക് മെയിന്റനൻസിനായി കരാറുകാരന് കൈമാറിയ ട്യൂബുകൾ, ഇലക്ട്രോണിക് ചോക്കുകൾ, മറ്റുപകരണങ്ങൾ എന്നിവയുടെ എണ്ണവും ആകെ മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ വിവരങ്ങൾ അന്വേഷിച്ച് കൊണ്ട് നല്കിയ എൻക്വയറിയുടെ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്ക് മെയിന്റനൻസിന്റെ കൂലിച്ചെലവ് നല്കിയതിന് അടിസ്ഥാനമാക്കിയ കണക്കുകളും ഉപയോഗിച്ച/ മാറ്റിയിട്ട ഉപകരണങ്ങളുടെ കൃത്യമായ കണക്കുകളും ഹാജരാക്കുന്നത് വരെ തെരുവ് വിളക്ക് പരിപാലനത്തിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം 1/14-7-21

തടസ്സപ്പെടുത്തുന്ന തുക

141090/-

1-29 കുടി വെള്ളവിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നം | 97/21 കുടി വെള്ളവിതരണം |
| അടങ്കൽ തുക | 188445/- വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവഴിച്ച തുക | 188445/- -ബിൽ നം 21/25-11-20 |

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷനുകൾ ക്ഷണിച്ചതിൽ കിലോമീറ്ററിന് ഏറ്റവും കുറഞ്ഞ തുക 38.6 രൂപരേഖപ്പെടുത്തിയ ശ്രീ. ജോസ്, ജോസ്മി പാരഡൈസ്, കരിക്കുഴി, പടപ്പക്കര എന്ന വ്യക്തിയ്ക്ക് കുടിവെള്ള വിതരണത്തിന് കരാർ നല്കിയിരുന്നു. കുടിവെള്ള വിതരണത്തിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. കരാറുകാരൻ ക്വട്ടേഷനിൽ അറിയിച്ചിട്ടുള്ളതും രേഖകൾ ഹാജരാക്കിയിട്ടുള്ളതും, KL01AQ8327 എന്ന ജി.പി.എസ് സംവിധാനമുള്ള 5000 ലിറ്റർ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നു എന്നാണ്. എന്നാൽ ജിപിഎസ് രേഖകൾ ഹാജരാക്കിയിട്ടുള്ളത് KL02BL1221 എന്ന വാഹനത്തിന്റേതാണ്. പ്രസ്തുത വാഹനത്തിന്റെ 12-5-20 മുതൽ 1-6-21 വരെയുള്ള 4882 കി.മീ ദൂരത്തിനെ അടിസ്ഥാനമാക്കിയാണ് കരാറുകാരന് 38.60 നിരക്കിൽ 188445/- രൂപ അനുവദിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരൻ ഹാജരാക്കിയിട്ടുള്ളതും വാർഡ് മെമ്പർമാരുടെ ഒപ്പ് രേഖപ്പെടുത്തിയതുമായ (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.) കുടിവെള്ളവിതരണ സ്റ്റേറ്റ്മെന്റുകളിൽ 12-5-20 മുതൽ 20-5-20 വരെ KL01AQ8327 എന്ന വാഹനത്തിലും 21-5-20 മുതൽ 1-6-20 വരെ KL13M206 എന്ന വാഹനത്തിലും കുടിവെള്ളം വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. KL01AQ8327, KL13M206 എന്നീ വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന് KL02BL1221 എന്ന വാഹനത്തിന്റെ ജി.പി.എസ് രേഖകൾ പ്രകാരം കിലോമീറ്റർ കണക്കാക്കി തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. കൊല്ലം വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ളം നൽകണമെന്ന് അഭ്യർത്ഥിച്ച തീരുമാനിച്ചു എന്ന് 8-5-20ലെ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും കരാറുകാരന് പേരയം ഗ്രാമപഞ്ചായത്തിലേക്ക് വിതരണം ചെയ്യുന്നതിനായി വെള്ളം നൽകിയതിന്റെ രേഖകളും ( അളവ് ടാങ്ക് /ലിറ്റർ, തീയതി, പമ്പ് ഹൗസ്) വാട്ടർ അതോറിറ്റിയുടെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. മേൽ വിവരം സൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ കുടിവെള്ള വിതരണത്തിന് വേണ്ടി ചെലവഴിച്ച 188445/- രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം 1/14-7-21,

തടസ്സപ്പെടുത്തുന്ന തുക 188445/- രൂപ

1-30 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല

പ്രോജക്ട് നം.168/20 –മുളവന ശ്രുതി ജംക്ഷൻ ഇടമല റോഡ് പുനരുദ്ധാരണം–വാർഡ് 7

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി

പേര്- ശ്രീ. പ്രവീൺ പി. കൃഷ്ണൻ

അടങ്കൽ തുക- 2,25,000/ രൂപ -(എസ്. സി. പി. ഫണ്ട്)

ചെലവ് തുക -1,88,124/- രൂപ
കരാറുകാരൻ - ശ്രീ. ഷിബു സോളമൻ, രാജു മംഗലത്ത് വീട്, പടപ്പക്കര
എഗ്രിമെന്റ്നം.44/AE/എൽ.എസ്.ജി.ഡി/പി. ജി. പി. /19-20/25.02.2020
ടി.എസ്.നം.7709/19-20 തീ.25.02.20
എം.ബുക്ക് നം. 9/20-21
ബിൽ നം. 24/13.11.2020
എഗ്രീഡ് പി.എ.സി.-2,00,618/-രൂപ
പ്രവൃത്തിമൂല്യം : 1,95,091/-രൂപ
ആകെ നികുതി ഇനത്തിൽ 6,967/-രൂപ കുറവ് ചെയ്ത് കരാറുകാരന് അനുവദിച്ച തുക -1,88,124/-രൂപ
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
പ്രവൃത്തി ആരംഭിച്ച തീയതി : 25.02.2020
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 27.10.2020
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി -24.06.2020
വൈകിയ കാലയളവ് : 125 ദിവസങ്ങൾ

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ഇനത്തിൽ തുക, ( P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.

അതിനാൽ ഈടാക്കേണ്ട ഫൈൻ : 3,581/-രൂപ (2,00,618/-രൂപ X.1% X 17.85 ആഴ്ച )

കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു കാരണം തേടി അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഫൈൻ തുക ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7 /22.07.2021

1-31 മെഡിക്കൽ ഓഫീസർ ഹോമിയൊ നിർവ്വഹണം നടത്തിയ പ്രോജക്ട് -80,000/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റിവ് ഫാർമസി ലിമിറ്റഡിൽ അടവാക്കിയ 1,00,000 /- രൂപയിൽ 80,000/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | നൽകിയ തുക(രൂപ) | ബിൽ നം/തീയതി | പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 13/2020-2021 മെയിന്റനൻസ് ഫണ്ട് -റോഡിതരം | 1,00,000/- | ബിൽ നം.156/03.01. 2021 | PRF 1133/06.01. 2021 | 20,000/- | 80,000/- |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോ അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-32 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ -ൽ നിന്നും 6,76,766 /-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്നിനായി K.M.S.C.L -ലിൽ അടവാക്കിയ 8,50,000/-രൂപയിൽ 6,76,766/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബിൽ നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 5/2020-2021 പാലിയേറ്റീവ് പരിചരണം-പൊതു വിഭാഗം | 3,50,000/- | ബിൽ നം.08/30.09.2020 | PRF 2464/23.09.2020 | 3,951/- | 3,46,049/- |
| 15/2020-2021 മെയിന്റനൻസ് ഫണ്ട് റോഡിതരം | 5,00,000/- | ബിൽ നം.14/13.1.2021 | PRF 3017/19.10.2020 | 1,69,283/- | 3,30,717/- |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-33 ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രേഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ഫീസ് ഇനത്തിലെ വരവ് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്. ബി. ഐ. ബാങ്കിന്റെ കുണ്ടറ ശാഖയിൽ നിലനിൽക്കുന്ന 37120809873 നമ്പർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. പ്രസ്തുത അക്കൗണ്ട് പരിശോധിച്ചതിൽ 31.03.2021–ലെ നീക്കിയിരിപ്പ് 1,10,095.50 /-രൂപയാണെന്ന് ബോധ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിൽ 2020-2021 സാമ്പത്തിക വർഷത്തിലെ ടെൻഡർ ഫീസ് ഇനത്തിലെ വരവ് തുകയായ 81,871/- രൂപ നീക്കിയിരിപ്പിൽ ഉൾപ്പെടുന്നുവെന്ന് അസി. എൻജിനീയർ മറുപടി നൽകി.

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് രേഖ ഹാജരാക്കേണ്ടതാണ്.

1-34 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അകൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം

ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

തൻ വർഷം അസി. എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ ആസ്തികളുടെ യൂണീക്ക് ഐഡി നമ്പർ 1 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ പരിശോധിച്ച് അവ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്.

തൻ വർഷം നടപ്പിലാക്കിയ പാലവിളമുക്ക് –അംബേദ്കർ കോളനി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയ്ക്ക് 41 മീറ്ററിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയ്ക്കാണ് അംഗീകാരം ലഭിച്ചത്. എന്നാൽ കൈയേറ്റം നിമിത്തം 27.60 മീറ്ററിൽ മാത്രമാണ് പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചത്. ആസ്തി രജിസ്റ്ററിൽ പ്രസ്തുത റോഡ് 250 മീറ്റർ ആണെന്നും സവിശേഷ തിരിച്ചറിയൽ നമ്പർ 134610000000059 ആണെന്നും ഫയലിൽ കാണുന്നു. ആസ്തി രജിസ്റ്ററിലെ കൃത്യമായ രേഖപ്പെടുത്തിൽ ഇത്തരം കേസുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സഹായകരമാണ്.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ- സബ്സിഡി അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്റ്റ് നം | 64/21, രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ |
| അടങ്കൽ തുക | 203000/- (189000/, വികസനഫണ്ട് ജനറൽ)<br>ഗു.വി.14,000/- |
| ചെലവഴിച്ച തുക | 184440/-(ബിൽ നം14/18-2-21 തുക 70000/-ബിൽ നം27/28-3-21 , തുക 89000/- ,ബിൽ നം28/27-3-21, തുക 12720/-,<br>ഗു.വി 12720/-ചെക്ക് നം 754099/24-3-21) |

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിൽ മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽ കവിയാതെയാണ് നല്കാവുന്നത്. എന്നാൽ മേൽ പദ്ധതിയിൽ 160/- രൂപ വിലയുള്ള തെങ്ങിൻ തൈ 50% സബ്സിഡി 60/- രൂപയിൽ ലിമിറ്റ് ചെയ്ത് നല്കുന്നതിന് പകരം 50% സബ്സിഡിയായ 80/-രൂപ വീതം നല്കിയിരിക്കുന്നു. സബ്സിഡി അധികം നല്കിയതിന്റെ വിവരവും മേൽ പദ്ധതി നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

1. 29/5/20-ലെ സ.ഉ(സാധാ)1009/2020 തസ്വഭവ പ്രകാരം 14/12/18-ലെ സബ്സിഡി മാർഗരേഖ ഖ.6.1.5 പരിഷ്കരിച്ച് തെങ്ങിൻതൈകൾക്ക് 100% സബ്സിഡി അനുവദനീയമാണെങ്കിലും ഖ 6.1.12 പ്രകാരം കേട് വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിലെ തെങ്ങിൻ തൈ വിതരണത്തിനും മറ്റാനുകൂല്യങ്ങൾക്കും കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ 12-11-20 ലെ TB(1)13192/19 സർക്കുലറിലെ ഖ.F പ്രകാരം മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽ കവിയാതെയും തെങ്ങ് മുറിച്ചു മാറ്റുന്നതിന് 1000/- രൂപ നിരക്കിലുമാണ് ധനസഹായം നല്കാവുന്നത്. മേൽ പദ്ധതി വഴി രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റിയവർക്ക് 160 രൂപ നിരക്കിൽ 159 തെങ്ങിൻ തൈകൾ KAICO യിൽ നിന്നും 25440/- രൂപയ്ക്ക്( വികസനഫണ്ട് 12720/- ഗു.വി 12720/-) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 100 രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് പകരം 80 രൂപ നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും 12720/- രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്ത് രസീത് മുഖേന കളക്റ്റ് ചെയ്തിട്ടുള്ളത്. പ്രോജക്ടിലും 25% ഗുണഭോക്തൃവിഹിതമാണ് നിർണ്ണയിച്ചിരിക്കുന്നത്. ഒരു തെങ്ങിൻ തൈയ്ക്ക് 20/-രൂപ വീതം അധികം സബ്സിഡി നല്കിയത് മൂലം വികസനഫണ്ടിൽ നിന്നും 3180/-(159*20)അധികചെലവുണ്ടായിട്ടുണ്ട്. സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 3180/-രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തുക നിശ്ചയിച്ചതിലെ അപാകതയാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം 10/22-7-21
നിരാകരിക്കുന്ന തുക 3180/-രൂപ

3-2 കേരഗ്രാമം പദ്ധതി -നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 110/21 കേരഗ്രാമം പദ്ധതി |

| | |
|---|---|
| അടങ്കൽ തുക | 1297500/- (ജില്ലാപഞ്ചായത്ത് വിഹിതം ഗ്ര.വി.522500/-) |
| ചെലവഴിച്ച തുക | 448611/-ജില്ലാപഞ്ചായത്ത് വിഹിതം(ബിൽ നം 15/15-5-20, തുക 82516/- ,ബിൽ നം16/15-5-20, തുക 366095/-) |

കൃഷിഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായുള്ള മേൽപദ്ധതിയിൽ പേരയം കേരക്ലസ്റ്ററിലെ 3750 തെങ്ങുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്. 2018-19 ൽ ആരംഭിച്ച കേരഗ്രാമം പദ്ധതിയുടെ അടങ്കൽ തുക 1327500/- രൂപ ആയിരുന്നു. (തനത്ഫണ്ട് 25000/-, ജില്ലാപഞ്ചായത്ത് വിഹിതം 780000/-ഗ്ര.വി.നേരിട്ട് ചെലവഴിക്കുന്നത് 522500/-) തെങ്ങ് മുറിച്ച് മാറ്റുന്നതിനുള്ള സഹായം ജില്ലാപഞ്ചായത്ത് നേരിട്ട് നല്കിയത് 250000/-). പ്രസ്തുത തുകയിൽ 2018-19 ൽ തനത്ഫണ്ട് 25000/- രൂപയും 2019-20ൽ ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും 5000/- രൂപയും ചെലവഴിച്ചിരുന്നു. 2020-21ൽ ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും പമ്പ്സെറ്റിന് സബ്സിഡിയായി 82516/- രൂപയും തെങ്ങ് മണ്ട വൃത്തിയാക്കലിന് 366095/- (KAICOയുടെ ഇൻവോയ്സ് നം. Q1194/18-19 Dtd 25-2-19 പ്രകാരം)രൂപയുമുൾപ്പെടെ 448611/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി ചെലവ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും തെങ്ങ് മണ്ട വൃത്തിയാക്കലിന് KAICO-യിൽ നിന്നും സാമഗ്രികൾ വാങ്ങിയതിന് സബ്സിഡി അധികമായി നല്കിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കേരഗ്രാമം പദ്ധതിയിലുൾപ്പെടുത്തേണ്ട തെങ്ങുകളുടെ എണ്ണം നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3750 തെങ്ങുകളെ ഉൾപ്പെടുത്തി കേരക്ലസ്റ്റർ രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും തെങ്ങുകളുടെ എണ്ണം നിശ്ചയിച്ചയിന് സർവ്വേ നടത്തിയതിന്റെ രേഖകളോ ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവ് സംബന്ധിച്ച രേഖകളോ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ അപേക്ഷകളിലെ ഗുണഭോക്താക്കളുമായി ഫോൺമുഖേന തെങ്ങുകളുടെ എണ്ണം സംബന്ധിച്ച വിവരം അന്വേഷിച്ചതിൽ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്നതിൽ കുറഞ്ഞ അളവുകളാണ് അറിയിച്ചിരിക്കുന്നത്. അതിനാൽ 3750 തെങ്ങുകളെ അടിസ്ഥാനമാക്കി നടത്തിയ തുടർ പ്രവർത്തനങ്ങളുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.

2. KAICO-യിൽ നിന്നു വാങ്ങിയ ഇനങ്ങൾക്ക് സബ്സിഡി അധികം നല്കി.

KAICOയുടെ ഇൻവോയ്സിലെ ഇനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ് | വില(ജി.എസ്.റ്റി ഉൾപ്പെടെ | ആകെ (രൂപ) |
|---|---|---|---|---|
| 1 | Neem Kernel Powder 600gm | 3750 | 50.001 | 187503.75/- |
| 2 | Mancozeb Sachet | 3750 | 20.0025 | 75009.38/- |
| 3 | Verticillium 250 Gm | 3750 | 30.009 | 112533.75/- |
| | Labour Charge | 3750 | @50 | 187500/- |
| | Beneficiary Contribution Collected | 187500 | | |
| | Round Off | | | -46.88 |
| | | | Total | 562500/- |

മേൽ ബിൽ പ്രകാരം പഞ്ചായത്തിൽ നിന്നും സബ്സിഡി നല്കിയത് Neem Kernel Powder 600 Gm

ന് 89288/- രൂപയും Mancozb Sachet ന് 35719/- രൂപയും Verticillium 250 Gm ന് 53588/- രൂപയും ലേബർ ചാർജ്ജ് 187500/- രൂപയും ഉൾപ്പെടെ 366095/- രൂപയാണ് KAICO യ്ക്ക് നല്കിയിരിക്കുന്നത്. കേരഗ്രാമം പദ്ധതിയുടെ മാർഗരേഖ പ്രകാരം (കൃഷി വകുപ്പിന്റെ 12-11-20 ലെ TB(1)13192/19 സർക്കുലർ) പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽസിന് സബ്സിഡി 50% തെങ്ങൊന്നിന് 10 രൂപവീതം ആണ് നല്കാവുന്നത്. ഖ.ഡി-യിൽ രാസ വളങ്ങളുടെയും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽസിന്റെയും അമിതഉപയോഗം പരിമിതപ്പെടുത്തുന്നതിന് ബയോഫെർട്ടിലൈസേഴ്സ്/ ബയോപെസ്റ്റിസൈഡ്സും ബയോകൺട്രോൾ ഏജന്റ്സും ഉപയോഗിക്കാമെന്നും ഇവയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിലയുടെ 50% തെങ്ങൊന്നിന് 25/- രൂപ വീതവും( D. To Limit The Exorbitant Use Of Chemical Fertilizers And Plant Protection Chemicals, Use Of Biofertilizers/bio-pesticides And Bio Control Agents Are Given Thrust Considering Environment Friendliness And Health Aspect Of The Society. 50% Subsidy Limited To Rs25/- Per Palm Can Be Given For Promoting The Use Of Biofertilizer, Biopesticide And Biocontrol Agents)മേൽ വസ്തുക്കൾ തെങ്ങിൽ പ്രയോഗിക്കുന്നതിനും കയറുന്നതിനുമുള്ള കൂലിച്ചെലവായി തെങ്ങൊന്നിന് 50% സബ്സിഡി പരമാവധി 50/- രൂപയും ചെലവഴിക്കാമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പദ്ധതിയുടെ പരിശോധനയിൽ ബയോപെസ്റ്റിസൈഡ് ആയ Verticilliumവും Neem Kernel Powder ഉം (Biofertilizer Cum Bio Pesticide) വാങ്ങിയതിന്റെ സബ്സിഡി, വിലയുടെ 50 % തെങ്ങൊന്നിന് 25 രൂപയിൽ ലിമിറ്റ് ചെയ്ത് 3750 തെങ്ങിന് 93750/- നല്കുന്നതിന് പകരം സബ്സിഡി ആയി 142876/-(89288+53588) രൂപയാണ് നല്കിയിരിക്കുന്നത് .49126/- രൂപ അധികമായി നല്കി.

3. ബയോപെസ്റ്റിസൈഡുകളും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലും ഒരേ സമയം വാങ്ങി ഉപയോഗിച്ചു.

ബയോപെസ്റ്റിസൈഡുകൾക്കൊപ്പം (ഇൻവോയ്സ് ക്രമ നം 1,3)പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലായ Mancozeb (ക്രമ നം. 2)വാങ്ങിയതിന്റെയും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽ ബയോപെസ്റ്റിസൈഡിനെ നിർവീര്യമാക്കുന്നതിനാൽ ബയോപെസ്റ്റിസൈഡുകളും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലായ Mancozeb ഉം ഒരേ സമയം ഉപയോഗിച്ചതിന്റെ ആവശ്യകതയും ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. അതിനാൽ Mancozeb വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച സബ്സിഡി തുകയായ 35719/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ വ്യക്തമായതും ശാസ്ത്രീയാടിസ്ഥാനത്തിലുള്ളതുമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലെ അപാകതകൾ സൂചിപ്പിച്ചു കൊണ്ടുള്ള എൻക്വയറിയുടെ മറുപടിയിൽ തെങ്ങുകളിൽ കയറി മണ്ട വൃത്തിയാക്കി മാൻകോസെബും വെർട്ടിസീലിയവും പ്രയോഗിച്ചതിനുള്ള കൂലിയിനത്തിൽ തെങ്ങൊന്നിന് 50 രൂപ നിരക്കിൽ 3750 തെങ്ങിന് 187500/-രൂപയും വെർട്ടിസിലിയത്തിന് തെങ്ങൊന്നിന് 15/- രൂപ നിരക്കിൽ 56250/- രൂപയും പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കലായ മാൻകോസെബിന് തെങ്ങൊന്നിന് 10 രൂപ നിരക്കിൽ 37500/- രൂപയും Neem Kernel Powder തെങ്ങൊന്നിന് 25 രൂപ നിരക്കിൽ 93750/- രൂപയും ജി.എസ്.ടി ഉൾപ്പെടെ 375000/- രൂപ സബ്സിഡി നിശ്ചയിക്കുകയും കൃഷി ഡെപ്യൂട്ടി ഡയറക്ടർ 366095/- രൂപയായി ലിമിറ്റ് ചെയ്ത് അനുവദിച്ചു നല്കിയെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയിലെ നിരക്കുകളുമായി യോജിക്കാത്തതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

4. ഗുണഭോക്താക്കൾ വിഹിതം വാങ്ങിയതിന്റെയോ KAICO-യിൽ ഒടുക്കു വരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താക്കൾക്ക് ഉദ്പ്പാദനോപാധികൾ വാങ്ങി നല്കുന്ന സാഹചര്യങ്ങളിൽ

ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ അടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടച്ചിട്ടില്ല. ലേബർ ചാർജ്ജിന്റെ ഗുണഭോക്തൃ വിഹിതമിനത്തിൽ 187500/- രൂപ കളക്റ്റ് ചെയ്തതായി KAICO ടെ ഇൻവോയ്സിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ടി വിഹിതവും ഇൻവോയ്സ് ക്രമനം 1 മുതൽ 3 വരെയുള്ള ഇനങ്ങളുടെ ഗുണഭോക്തൃ വിഹിതവും വാങ്ങിയതിന്റെയോ KAICOയിൽ ഒടുക്ക് വരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. ജൈവകീടനാശിനി/ജൈവവളം തെങ്ങുകളിൽ പ്രയോഗിച്ചതിന്റെ വിവരം

KAICO ടെ ഇൻവോയ്സ് പ്രകാരം വാങ്ങിയ ഇനങ്ങൾ, ഏതൊക്കെ അളവുകളിലാണ് തെങ്ങുകളിൽ ഉപയോഗിച്ചതെന്നോ മേൽ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരമോ, പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെ വിവരങ്ങളോ സാക്ഷ്യപത്രങ്ങളോ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി KAICOയിൽ ഒടുക്ക് വരുത്തിയ 366095/-രൂപയിൽ അധികമായി നല്കിയ സബ്സിഡി തുക 49126/- രൂപ നിരാകരിക്കുകയും 316969/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അധികമായി നല്കിയ സബ്സിഡിതുക തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കുവരുത്തേണ്ടതും ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

എൻക്വയറി നം 10/22-7-21

നിരാകരിക്കുന്ന തുക 49126/-

തടസ്സപ്പെടുത്തുന്ന തുക 316969/-

### 3-3 സുഭിക്ഷകേരളം തരിശ്ഭൂമി കൃഷി സബ്സിഡി- ഭൂമിയുടെ അളവിൽ അധികമായി ആനുകൂല്യം നൽകി

സുഭിക്ഷകേരളം പദ്ധതി വഴി തരിശ്ശ് ഭൂമി കൃഷിയോഗ്യമാക്കി (158/21 അടങ്കൽ തുക 702000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-, ബ്ലോക്ക് പഞ്ചായത്ത് 185000/- ഗു.വി 297000/-ചെലവഴിച്ചതുക 405000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-, ബ്ലോക്ക് പഞ്ചായത്ത് 185000/-)യതിന് കൂലിച്ചെലവിനത്തിൽ വത്സല കുഞ്ഞമ്മ, കടയാറ്റ് രാജീവം എന്ന വ്യക്തിക്ക് 29560/- (ബിൽ നം 29/27-3-21 തുക24000/-, ചെക്ക് നം 029014/25-3-21 5600/-) രൂപ ആനുകൂല്യം നല്കിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള കരം പറ്റ് ചീട്ടുകൾ പ്രകാരവും അപേക്ഷയിലെ രേഖപ്പെടുത്തൽ പ്രകാരവും (നെൽകൃഷി)133 സെന്റ് ഭൂമിയാണ് ഉള്ളത്. ഇതിൽ എത്ര ഭൂമിയിൽ കൃഷി ചെയ്തു എന്ന് കൃഷിഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നെൽകൃഷിക്ക് വിത്ത്, വളം, കീടനാശിനി, കൂലി ചിലവ് എന്നിവ ഉൾപ്പെടെ നൽകാവുന്ന പരമാവധി സബ്സിഡി കർഷകന് 37000/- രൂപയും പാട്ടത്തിനെടുത്ത ഭൂമിയാണെങ്കിൽ ഭൂ ഉടമയ്ക്ക് 5000/-രൂപയും ഭൂ ഉടമയാണ് കർഷകനെങ്കിൽ 40000/- രൂപയ്ക്കും അർഹതയുണ്ട്. അതിനാൽ 133 സെന്റ് ഭൂമിയിലെ വിത്ത്, വളം, കീടനാശിനി, കൂലി ചിലവ് എന്നിവ ഉൾപ്പെടെ നൽകാവുന്ന പരമാവധി സബ്സിഡി 21280/- രൂപ (@160/ സെന്റ്) ആണെന്നിരിക്കെ കൂലിച്ചെലവിനത്തിൽ മാത്രം 29560/- രൂപ നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നല്കിയ 8280/- രൂപ നിരാകരിക്കുന്നു. തുക

തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം 18/26-7-21

നിരാകരിക്കുന്ന തുക 8280/-

3-4 തൊഴിലുറപ്പ് പദ്ധതി വഴി സുഭിക്ഷകേരളം തരിശുഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചവർക്ക് കൃഷി ഓഫീസ് വഴി വീണ്ടും ആനുകൂല്യം ലഭിച്ചു.

തരിശുഭൂമി കൃഷിയുടെ മാർഗരേഖയിൽ (ജി.ഒ(ആർ.ടി) 1009/20 ത.സ്വ.ഭ.വ തീ 29-5-20)തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണമായി ഉപയോഗപ്പെടുത്തണമെന്നും കൃഷി യോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുക ആണെങ്കിൽ സ്ഥിരം കൃഷിക്കുള്ള സഹായം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പരിശോധനയിൽ തൊഴിലുറപ്പ് പദ്ധതിയിലെ സുഭിക്ഷകേരളം തരിശുഭൂമി കൃഷി യോഗ്യമാക്കൽ-പദ്ധതി വഴി തരിശു ഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചവർക്ക് കൃഷി ഓഫീസർ നടപ്പിലാക്കിയ സുഭിക്ഷകേരളം തരിശുഭൂമി കൃഷി യോഗ്യമാക്കൽപദ്ധതി (158/21 അടങ്കൽ തുക 702000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-, ബ്ലോക്ക് പഞ്ചായത്ത് 185000/- ഗ്ര.വി 297000/-ചെലവഴിച്ചതുക 405000/-(വികസനഫണ്ട് 150000/-തനത്ഫണ്ട് 70000/-, ബ്ലോക്ക് പഞ്ചായത്ത് 185000/-)വഴിയും തരിശുഭൂമി കൃഷി യോഗ്യമാക്കലിന് കൂലിച്ചെലവ് സബ്സിഡി ആനുകൂല്യം ലഭിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര്/ഭൂമിയുടെ അളവ് | സുഭിക്ഷകേരളം തരിശുഭൂമി കൃഷിയോഗ്യമാക്കൽ-തൊഴിലുറപ്പ് പദ്ധതി വഴി ചെലവഴിച്ച് തൊഴിൽ കൂലി | സുഭിക്ഷകേരളം തരിശുഭൂമി കൃഷി യോഗ്യമാക്കൽ-കൃഷി ഓഫീസറുടെ പദ്ധതി വഴി ലഭിച്ച ആനുകൂല്യം |
|---|---|---|
| ഇന്ദിരാകുമാരി.ജെ, തേജസ്സ്,പടപ്പക്കര,50 (20.23) | 13545/-(FTO No KL161300400518 11220 Dtd 11-12-20 | 7000/-(2400+1800+2800) ബിൽ നം 26/20-3-21തുക 71000/-, ചെക്ക് നം 029014/26-3-21 തുക8000/-,ചെക്ക് നം 029017/26-3-21 തുക 30000/- |
| ഫ്രീദാമ്മജോസ് ഫ്രിജോഭവനം,പടപ്പക്കര 125 സെന്റ് | 25285/-(FTO No KL161300400518 180920 Dtd 18-9-20) | 14300(10800+3500) ബിൽനം 32/30-3-21 തുക 107000/-, ബിൽ നം 30/29-3-21 തുക 42000/- |

മേൽ വ്യക്തികൾക്ക് തൊഴിലുറപ്പ് പദ്ധതി വഴി തരിശ് ഭൂമി കൃഷിയോഗ്യമാക്കി ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത ആവശ്യത്തിന് കൃഷി ഓഫീസ് മുഖേന നല്കിയ ആനുകൂല്യമായ 21300/- രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ ആനുകൂല്യം തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിയുടെ മറുപടി തൊഴിലുറപ്പ് പദ്ധതി രേഖകളുമായി പൊരുത്തപ്പെടുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ മറുപടിയിലെ അംഗീകരിക്കാവുന്ന ഭാഗങ്ങളിലെ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

എൻക്വയറി നം 18/26-7-21

നിരാകരിക്കുന്ന തുക 21300/-

3-5 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

1).

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 164/21 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ<br>(2019-20ലെ 50/20 തെരുവ് വിളക്ക് വാങ്ങൽ എന്ന പദ്ധതിയുടെ സ്പിൽ ഓവർ |
| അടങ്കൽ തുക | 220504/-(വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 120504/-തനത് ഫണ്ട് 100000/-) |
| ചെലവഴിച്ച തുക | 113897/-വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് (തുക 70248/-ബിൽ നം 19/25-11-20<br>തുക43649/-(ബിൽ നം 20/25-11-20 തുക |
| വാങ്ങിയ ഉപകരണങ്ങൾ/ സ്റ്റോക്കിലെടുത്ത തീയതി | ഇൻവോയ്സ് നം 9/9-6-20 വഴി 500 ട്യൂബ് സെറ്റ് ,600 ഇലക്ട്രോണിക് ചോക്ക് ,10 കോയിൽ അലൂമിനിയം വയർ,150 ഇൻസുലേഷൻ ടേപ്പ്<br>ഇൻവോയ്സ് നം 4/19-5-20 വഴി 500 ട്യൂബ് സെറ്റ്, 300 ഇലക്ട്രോണിക് ചോക്ക് ,10 കോയിൽ അലൂമിനിയം വയർ, 50 ഇൻസുലേഷൻ ടേപ്പ്. (കെ.എം അസോസിയേറ്റ്സ്)<br>സ്റ്റോക്കിലെടുത്തിട്ടില്ല |

2).

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 50/20 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ (2019-20) |
| അടങ്കൽ തുക | 400000/-(വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 300000/- തനത് ഫണ്ട് 100000/-) |
| ചെലവഴിച്ച തുക | 179496/-വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് ബിൽ നം. 23/26-10-19 |
| വാങ്ങിയ ഉപകരണങ്ങൾ/ സ്റ്റോക്കിലെടുത്ത തീയതി | 1400 ട്യൂബ്സെറ്റ്, 1400 ഇലക്ട്രോണിക് ചോക്ക്, 60 കോയിൽ അലൂമിനിയം വയർ, 500 ഇൻസുലേഷൻ ടേപ്പ് (കെ.എം അസോസിയേറ്റ്സ്)<br>24-8-19 ൽ സ്റ്റോക്കിലെടുത്തു |

3).

<table>
<tr><td>നിർവ്വഹണോദ്യോഗസ്ഥൻ</td><td>സെക്രട്ടറി</td></tr>
<tr><td>പ്രോജക്റ്റ് നം</td><td>92/21 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ(2020-21)</td></tr>
<tr><td>അടങ്കൽ തുക</td><td>399998/-(വികസനഫണ്ട് ജനറൽ)</td></tr>
<tr><td>ചെലവഴിച്ച തുക</td><td>399989/- (തുക 343870/-ബിൽ നം 31/19-2-21<br>തുക56119/-ബിൽ നം41/28-3-21</td></tr>
<tr><td>വാങ്ങിയ ഉപകരണങ്ങൾ/ സ്റ്റോക്കിലെടുത്ത തീയതി</td><td>23-9-20ൽ സ്റ്റോക്കിലെടുത്തവ
<table>
<tr><td>36 വാട്ട് ഫ്ലൂറസന്റ് ട്യൂബ് ലൈറ്റ്</td><td>1500</td></tr>
<tr><td>സ്റ്റാർട്ടർ</td><td>1050</td></tr>
<tr><td>ഇലക്ട്രോണിക് ചോക്ക്</td><td>1300</td></tr>
<tr><td>17വാട്ട് എൽ.ഇ.ഡി ബൾബ്</td><td>250</td></tr>
<tr><td>അലൂമിനിയം വയർ</td><td>28 കോയിൽ</td></tr>
<tr><td>ഇൻസുലേഷൻ ടേപ്പ്</td><td>140</td></tr>
<tr><td>റോട്ടർ ഹോൾഡർ വലുത്,<br>ചെറുത്</td><td>500<br>1120</td></tr>
</table>
25-2-21 ൽ 10 കോയിൽ അലൂമിനിയം വയർ, 329 ഇലക്ട്രോണിക് ചോക്ക്, 250 ഇൻസുലേഷൻ ടേപ്പ് 250 പെൻ്റന്റ് ഹോൾഡർ എന്നിവ സ്റ്റോക്കിലെടുത്തു.</td></tr>
</table>

2019-20 ലെ (ടേബിൾ നം 2)തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയായി 2020-21 ൽ നടപ്പിലാക്കിയ 164/21 (ടേബിൾ നം 1) എന്ന പദ്ധതി വഴി വാങ്ങിയ 118397/- രൂപയുടെ ഉപകരണങ്ങൾ ( ടേബിൾ നം 1) സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. 2020-21 ലെ പദ്ധതിയായ 92/21 വഴി വാങ്ങിയ 399989/- രൂപ ( ടേബിൾ നം 3)യ്ക്ക് വാങ്ങിയ ഉപകരണങ്ങൾ 23-9-20, 25-2-21 എന്നീ തീയതികളിലായി സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാത്ത ഉപകരണങ്ങൾക്ക് വേണ്ടി ചെലവഴിച്ച 118397/- രൂപ നിരാകരിക്കുന്നു. മേൽ വിവരങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം 1/14-7-21

നിരാകരിക്കുന്ന തുക 118397/-

ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 14-7-21 | കെ.എസ്.എ. കെ.എൽ.എം. പി4/ |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 54594/- | പാലിന് സബ്സിഡി | 54594/- | 0 |
| | | 82516/- | കേരഗ്രാമം | 82516/- | 0 |
| | | 366095/- | കേരഗ്രാമം | 366095/- | 0 |
| | | 319237/- | ലൈഫ് | 319237/- | 0 |
| | | 50,000/- | അനുപൂരക പോഷകാഹാര പരിപാടി | 50,000/- | 0 |
| | | 1,60,000/- | സുഭിക്ഷ കേരളം | 1,60,000/- | 0 |
| | | 24600/- | വീട്ടു വളപ്പിലെ കുളത്തിൽ മത്സ്യകൃഷി | 24600/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,00,000/- | പാലിന് സബ്സിഡി | 3,00,000/- | 0 |
| | | 1,60,000/- | സുഭിക്ഷ കേരളം | 1,60,000/- | 0 |
| | | 51,000/- | നെൽകൃഷി | 51,000/- | 0 |
| | | 68746/- | അനുപൂരക പോഷകാഹാര പരിപാടി | 68746/- | 0 |
| | | 1,85,000/- | സുഭിക്ഷ കേരളം-തരിശു കൃഷി | 1,85,000/- | |
| | | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| | | 2,00,000/- | കോലിയാടത്ത് അയ്യൻകോവിൽ റോഡ് | 2,00,000/- | 0 |
| | | 3,00,000/- | കളീലുവിള ജം. തെക്കേ വിള റോഡ്-മെയിന്റനൻസ് | 3,00,000/- | 0 |
| | | 40,800/- | ബയോ ഫ്ലക് മത്സ്യകൃഷി | 40,800/- | 0 |
| | | 36,000/- | വീട്ടു വളപ്പിലെ കുളത്തിൽ മത്സ്യകൃഷി | 36,000/- | 0 |
| | | 180524/- | ലൈഫ് | 0 | 180524/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001106/24-2-21 | 3418300/- | 0 | 3418300/- |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22001095,22001096/24-2-21 | 137969/- | 0 | 137969/- |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 5/15-5-20<br>4/15-5-20 | 4,68,000/-<br>3,42,000/- | 0 | 8,10,000/- |
| ഗ്രൌണ്ട്വാട്ടർ ഡിപ്പാർട്ട്മെന്റ് | പബ്ലിക്ക് മാർക്കറ്റിൽ കുഴൽ കിണർ നിർമ്മാണം | 22000875/23-1-21 | 118720/- | 0 | 118720/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 40583/-രൂപ വിനിയോഗിച്ചിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | GO(M.S)68/2018; Dtd 18/5/2018<br>GO(M.S)110/2018 Dtd.13/8/2018 | 2865683/- | 2527448/- | 336432/- | | 2191016/- |

.

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3.9 | 2006-07 | 3.11.4 | ജനകീയ പാർപ്പിട പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1999-2000 | 3.7 | 2006-07 | 3.11.4 | പമ്പ്സെറ്റ് സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) . പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3180/- | ശ്രീമതി സോണൽ സലിം, കൃഷി ഓഫീസർ |
| 3-2 | | 49126/- | ശ്രീമതി സോണൽ സലിം, കൃഷി ഓഫീസർ |
| 3-3 | | 8280/- | ശ്രീമതി സോണൽ സലിം, കൃഷി ഓഫീസർ |
| 3-4 | | 21300/- | ശ്രീമതി സോണൽ സലിം, കൃഷി ഓഫീസർ |
| 3-5 | | 118397/- | ശ്രീമതി ജിജി മോൾ അലക്സ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 143688/- | ശ്രീമതി ആര്യ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |

| | | |
|---|---|---|
| 1-20 | 316969/- | ശ്രീമതി സോണൽ സലിം , കൃഷി ഓഫീസർ |
| 1-24 | 4673999/- | ശ്രീമതി ജിജി മോൾ അലക്സ് , സെക്രട്ടറി |
| 1-25 | 233300/- | ശ്രീമതി ജിജി മോൾ അലക്സ് , സെക്രട്ടറി |
| 1-26 | 175000/- | ശ്രീമതി ജിജി മോൾ അലക്സ് , സെക്രട്ടറി |
| 1-28 | 141090/- | ശ്രീമതി ജിജി മോൾ അലക്സ് , സെക്രട്ടറി |
| 1-29 | 188445/- | ശ്രീമതി ജിജി മോൾ അലക്സ് , സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) |
|---|---|
| 1-7-2 | 53400/- |
| 1-7-3 | 49200/- |
| 1-7-4 | 95500/- |
| 1-7-5 | 13600/- |
| 1-13 | 207990/- |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | 1-7-5 |
|---|---|

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആശ.റ്റി , വി.ഇ.ഒ | വി.ഇ.ഒ, കുണ്ടറ ഗ്രാമപഞ്ചായത്ത് | ചോതി നിവാസ് ഭാവന നഗർ 160 കടപ്പാക്കട, കൊല്ലം |
| ശ്രീമതി ആര്യ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ, പേരയം ഗ്രാമപഞ്ചായത്ത് | തിരുവോണം, കായില, മൈലോട് പി.ഓ, പൂയപ്പള്ളി |
| ശ്രീമതി ജിജി മോൾ അലക്സ് , സെക്രട്ടറി | സെക്രട്ടറി, പേരയം ഗ്രാമപഞ്ചായത്ത് | ആനന്ദഭവൻ, കുമ്പളം പി.ഓ. |
| ശ്രീമതി സോണൽ സലിം , കൃഷി ഓഫീസർ | കൃഷി ഓഫീസർ, പേരയം ഗ്രാമപഞ്ചായത്ത് | കലംപെട്ടിവിള, ചെമ്മക്കാട് പി.ഓ. പെരിനാട് |
| ശ്രീമതി സന്ധ്യ.റ്റി, വി.ഇ.ഒ | വി.ഇ.ഒ പേരയം ഗ്രാമപഞ്ചായത്ത് | സരശ്രീ ഭവൻ, ചിറ്റയം ഇഞ്ചവിള പി.ഓ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1998-99 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1999-2000 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2000-01 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2001-02 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2002-03 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2003-04 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2004-05 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2005-06 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2006-07 | കെ എസ് എ.കെ എൽ എം.പി 4-783(1)/19 തീയതി 7-6-19 |
| 2007-08 | കെ എസ് എ.കെ എൽ എം.പി 4-783(2)/19 തീയതി 7-6-19 |
| 2008-09 | കെ എസ് എ.കെ എൽ എം.പി 4-783(3)/19 തീയതി 7-6-19 |
| 2009-10 | കെ എസ് എ.കെ എൽ എം.പി 4-783(4)/19 തീയതി 7-6-19 |
| 2010-11 | കെ എസ് എ.കെ എൽ എം.പി 4-783(5)/19 തീയതി 7-6-19 |
| 2011-12 | എൽ.എഫ്.ക്യൂ.പി.6/822തീയതി :14-08-13 |
| 2012-13 | എൽ.എഫ്.ക്യൂ.പി.6/537/2014 തീയതി.08-05-14 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി 6/303/16 തീയതി. 19.02.2016 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി 6/1892/16 തീയതി 04-02-17 |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി 6/1116/17 തീയതി.- 15.06.2017 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി 4/84/19 തീയതി.- 09.03.2020 |
| 2018-19 | |
| 2019-20 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്